


സെപ്റ്റംബർ 2015 159

# ലിറ്റിൽ മാസിക

**Copy Heart**

Copying is an act of love.
Love is not subjet to law.
Please copy and share it

**പകർപ്പിഷ്ടം**

ഇഷ്ടപ്പെടുന്നവരാണ്
പകർത്തുന്നത്. ഇഷ്ടത്തിന്
നിയമമില്ല.പകർത്തുക
പങ്കുവെക്കുക.
അതിനാൽ
ലിറ്റിൽ മാസികയുടെ
ഉള്ളടക്കംനല്ല കാ
എടുത്തുപയോഗിച്ചോളു..

**ലിറ്റിൽ മാസിക**


ചുങ്കത്തറ പി.ഒ.,
മലപ്പുറം 679334

Ph: 04931-231493, 232780
Mob: 9946428284, 8547300532
littlemasika@gmail.com

ലക്കം

**159**

എഡിറ്റർ
**ബിജു ജോൺ**
കോ-ഓർഡിനേറ്റിംഗ് എഡിറ്റർ
**അബ്ദുല്ലക്കുട്ടി എടവണ്ണ**
മാനേജിംഗ് എഡിറ്റർ
**ജയപ്രകാശ് നിലമ്പൂർ**
എക്സിക്യൂട്ടീവ് എഡിറ്റർ
**പി.എം. ജോൺ**
പത്രാധിപ സമിതി
**സതീഷ് ചളിപ്പാടം**
**ചന്ദ്രബാബു തൃക്കലങ്ങോട്**
സ്പെഷ്യൽ കറസ്പോണ്ടന്റ്
**ഹാരിസ് നെന്മേനി**
ടൈപ്പ് സെറ്റിംഗ്
**ജസീല**
ലേഔട്ട്
**ലിമാ ക്രിയേറ്റീവ്**
പ്രിന്റിംഗ്
എ-വൺ ഓഫ്സെറ്റ്
രാമനാട്ടുകര
കവർ ഫോട്ടോ:
**അഡ്വ. എ. പി. ഇസ്മായീൽ**



ചിത്രവും എഴുത്തും


## ഹൃദയത്തെ തൊടുന്നകത്തുകൾ

നീണ്ട കാത്തിരിപ്പിനു ശേഷം ഹൃദയരക്തം കൊണ്ടെഴുതിയ വരികളിൽകണ്ണീർചേർത്താണ്പലരുംകത്തുകൾ വായിച്ചിരുന്നത്.സ്നേഹവും നെടുവീർപ്പുംവിരഹവും ഗദ്ഗദവും കടലാസുകളിൽ വീർപ്പുമുട്ടുന്നുണ്ടാവും.പങ്കിട്ട ആഹ്ളാദനിമിഷങ്ങൾ. .എത്ര മായ്ച്ചാലും മായാത്ത ഗൃഹാതുര സ്മരണകൾ.നമ്മൾ ആ ഓർമ്മകളോട് പതിയെ വിടവാങ്ങിക്കൊണ്ടിരിക്കുന്നു.
മുമ്പ് ഗൾഫിൽനിന്ന് അമ്മാവന്റെയും ബഷീറോക്കോന്റേയും ഒക്കെ വിമാനത്തിന്റെ കൊച്ചു ചിത്രമുള്ള എയർ മെയിൽ പൊട്ടിച്ച് വായിച്ചിരുന്നത് ഞാനും ഉപ്പയും ഉമ്മയും പെങ്ങളും ഞാനുമെല്ലാം കൂടിയായിരുന്നു.ഉമ്മ ഇടയ്ക്ക് തട്ടം കൊണ്ട് മുഖം തുടയ്ക്കും.എനിക്കിവിടെ സുഖം നിങ്ങൾക്കും സുഖമെന്ന് കരുതി സന്തോഷിക്കുന്നു...എന്ന വാക്കുകളിൽ തുടിക്കുന്ന സ്നേഹവും കരുതലും ഹൃദയത്തെയാണ് തൊടുന്നത്.

കൊച്ചി ബിനോലെയിൽ പങ്കെടുക്കാനെത്തിയ ഒരു വിദേശി പോസ്റ്റോഫീസിൽ കയറി ആർക്കോ കത്തെഴുതുന്നത് കണ്ടപ്പോൾ മനസിലേക്ക് വന്നതാണ് ഈ ചിന്തകൾ.

*ചിത്രവും എഴുത്തും:*

**അഡ്വ. എ. പി. ഇസ്മായീൽ**



*ജിൻകോ ബിലോവ*

## പ്രത്യാശയുടെ മരം

പ്രത്യാശാമരം എന്ന് ജപ്പാൻകാർ വിളിക്കുന്ന ജിൻകോ ബിലോവ (Ginko bilova)മരത്തിന്റെ ഇലയാണിത് ജപ്പാനിലെ ഹിരോഷിമയിൽ 1945 ആഗസ്റ്റ് ആറിന് ആറ്റം ബോംബ് വീണ് നശിച്ചിടത്ത് ഒരു മാസത്തിന് ശേഷം ആദ്യം തളിരിടുന്നത് ഈ മരമാണ്.

## ഒരാൾക്ക് 420 മരങ്ങൾ

യേൽ സർവ്വകലാശാലയിലെ തോമസ് ക്രൗതറുടെ സംഘം

**ലിറ്റിൽ ഡ്രോപ്സ്**

നടത്തിയ പഠനപ്രകാരം ഭുമിയിൽ ആകെ മുന്ന് ട്രില്യൻ മരങ്ങളുണ്ട്. കൃത്യമായി പറഞ്ഞാൽ 3,040,000,000 മരങ്ങൾ. ലോകത്തെ ജനസംഖ്യ വെച്ച് നോക്കുമ്പോൾ ആളൊന്നുക്ക് 420 മരങ്ങൾ. ഇതിന് മുമ്പ് നടത്തിയ കണക്കെടുപ്പിൽ ലോകത്താകെ 40,000 കോടി മരങ്ങളുണ്ടെന്നാണ് കണക്കാക്കിയിരുന്നത്. മരങ്ങളുടെ എണ്ണം അതിന്റെ എട്ടിരട്ടി വരുമെന്നാണ് പുതിയ പഠനം പറയുന്നത്.

സങ്കടകരമായ വസ്തുത ഇതാണ്.വനനശീകരണത്തിന്റെ ഭാഗമായി വർഷം തോറും 1500 കോടി മരങ്ങൾ നഷ്ടപ്പെടുന്നു. ലിങ്ക്; http// goo.gle/eL5CHR

*പത്രപ്രവർത്തകനായ ജോസഫ് ആന്റണിയുടെ ഗൂഗിൾ പ്ലസിലെ പോസ്റ്റിനോട് കടപ്പാട്.*



കഥ

# കറന്റുപോയ നേരത്ത്...

## സി.രാജഗോപാലൻ പള്ളിപ്പുറം

രാത്രി നേർത്ത ഇടിമിന്നിക്കൊണ്ടിരിക്കുമ്പോഴേ അപ്പുവിനോട് അച്ഛൻ പറഞ്ഞതാണ് ടി.വി. ഓഫ് ചെയ്യുവാൻ... എന്നാൽ അവൻ അതൊന്നും ശ്രദ്ധിച്ചതേയില്ല... എപ്പോഴും ശുണ്ഠിയെടുക്കുകയോ വടിയെടുക്കുകയോ ചെയ്യുന്നയാളല്ല അവന്റെ അച്ഛൻ. അതുകൊണ്ട് പേടിയോടെ അനുസരിക്കലും അവന്റെ ശീലമല്ല. കൊച്ചു ടി.വി.യിൽ ആവേശകരമായ ഒരു പരിപാടി കാണുകയായിരുന്നു അവൻ. അതിൽ മുഴുകിയിരിക്കുകയായിരുന്നു. അപ്പോഴാണ് കണ്ണഞ്ചിപ്പിക്കുന്ന ഒരു മിന്നൽ. ഒപ്പം കാതടപ്പിക്കുന്ന ഒരിടിയും. മിന്നലിനോടൊപ്പം മെയിൻ സ്വിച്ചിൽ ഒരു പൊട്ടിത്തെറി ശബ്ദം കേട്ടു. ടി.വി. പോയി. ലൈറ്റ് പോയി. എങ്ങും ഇരുട്ടുമാത്രം. ഇടി പൊട്ടിന്റെ ഘോരശബ്ദത്തിൽ അപ്പു നടുങ്ങിപ്പോയി. പേടിയോടെ അവൻ അച്ഛന്റെ കസേര ലക്ഷ്യമാക്കി ഓടി. അപ്പോഴേക്കും അടുക്കള ഭാഗത്തു നിന്നും അവന്റെ അമ്മയും അനിയത്തി അമ്മുവും ഓടിയെത്തിയിരുന്നു. അപ്പു അച്ഛന്റെ മടിയിൽ തന്നെയിരുന്നു. അവന്റെ പിഞ്ചുഹൃദയം അപ്പോഴും പടപടാ മിടിച്ചുകൊണ്ടിരുന്നു. അച്ഛൻ ഒരു കൈകൊണ്ട് അവനെ ചേർത്തുപിടിച്ചു. മറുകൈ കൊണ്ട് അവന്റെ അനിയത്തി അമ്മുവിനെയും. തുടർന്നും കണ്ണഞ്ചിപ്പിക്കുന്ന മിന്നലോടെ പലപ്രാവശ്യം ഇടി നിലത്തിറങ്ങി വെട്ടി. അവർ നാലുപേരും ചേർന്നിരുന്നപ്പോൾ ആർക്കും പേടി തോന്നിയില്ല. ക്രമേണ ഇടിവെട്ട് ശമിച്ചു. മിന്നൽ നേർത്തുവന്നു.

അച്ഛൻ പറഞ്ഞതു കേൾക്കാത്തതിൽ അപ്പുവിന് ദുഃഖം തോന്നി. അവൻ നേർത്ത ശബ്ദത്തിൽ അച്ഛനോടു ചോദിച്ചു. "ടി.വി. പോയിട്ടുണ്ടാവുമോ അച്ഛാ...." അച്ഛൻ അവന്റെ മുടിയിഴകളിലൂടെ വിരലോടിച്ചുകൊണ്ടു പറഞ്ഞു. "പോയാൽ എന്തുചെയ്യാൻ പറ്റും? പോട്ടെ എന്നു വെക്കാം... അച്ഛൻ പറയുമ്പോൾ കേൾക്കാൻ നീ ഇത്തിരി കൂടി ശ്രദ്ധിക്കുകയാണ് വേണ്ടത്."

കറന്റു പോയാൽ പതിവുള്ളതുപോലെ, പിന്നെ അവരെല്ലാം ഉമ്മറത്തേക്ക് പോയി. ഇപ്പോൾ ഇടി കുറേക്കൂടി നേർത്തിരിക്കുന്നു. ചുറ്റുപാടും മരങ്ങൾക്കിടയിൽ കനത്ത ഇരുട്ട്. അതിൽ മിന്നാമിനുങ്ങുകൾ പറന്നുനടക്കുന്നു. വീട്ടുപടിക്കലെ മുത്തശ്ശി മാവിൽ മിന്നാമിനുങ്ങുകൾ കൂട്ടത്തോടെ മിന്നിക്കെട്ടു. 'മിന്നാമിനുങ്ങുകൾ മരിച്ചു പോയവരുടെ ആത്മാവുകളാണ്' എന്ന് ഏതോ കഥാപുസ്തകത്തിൽ വായിച്ചത് അപ്പു ഓർത്തു. അവൻ ആശിച്ചു. മരിച്ചുപോയ മുത്തശ്ശനും മുത്തശ്ശിയും, ബൈക്കപകടത്തിൽ മരിച്ചുപോയ ശംഭുമാമനുമൊക്കെ ഈ മിന്നാമിനുങ്ങുകളായി പറന്നു നടക്കുന്നുണ്ടാവുമോ? അതാലോചിച്ചുകൊണ്ടിരിക്കെ ഒരു മിന്നാമിനുങ്ങ് പറന്നു പറന്ന് അവന്റെ മുടിയിഴകളിലിരുന്നു. അവൻ കോരിത്തരിച്ചുപോയി.

അവൻ ആലോചിച്ചു: മുത്തശ്ശനും മുത്തശ്ശിയും ശംഭുമാമനുമൊക്കെ എത്ര സ്നേഹമുള്ളവരായിരുന്നു... കറന്റു പോകുന്ന നേരത്ത് വിളക്കൊന്നും കൊളുത്താതെ ഉമ്മറത്ത് ഒരുമിച്ചിരിക്കുന്ന നേരത്ത് ഒരുപാട് കഥകൾ അച്ഛൻ അവർക്ക് പറഞ്ഞുകൊടുത്തിട്ടുണ്ട്. അച്ഛന്റെ കുട്ടിക്കാലമാണ് അധികവും. തറവാട്ടിൽ എല്ലാവരും ഒരുമിച്ചു കഴിഞ്ഞ ഒരു കാലം. കുളിയും ഊണും ഉറക്കവും പറമ്പിലെ കൃഷിപ്പണികളും എല്ലാം എല്ലാവരും ഒരുമിച്ച്; കളിക്കാൻ കുറേ കുട്ടികൾ. ശ്രദ്ധിക്കാൻ ഒരുപാട് വലിയവർ, അന്ന് ടി.വി.യില്ല, കമ്പ്യൂട്ടറില്ല, കറണ്ടില്ല. റേഡിയോ പോലുമില്ല. എന്നാലും ഇക്കാലത്തേക്കാൾ അധികവും സന്തോഷവും സ്നേഹബന്ധങ്ങളും അന്നുണ്ടായിരുന്നു എന്ന് അപ്പുവിന്റെ അച്ഛൻ എപ്പോഴും പറയാറുണ്ട്.

'മിന്നുന്നതെല്ലാം പൊന്നല്ല' എന്ന പഴഞ്ചൊല്ലിന്റെ അർത്ഥം അച്ഛൻ അവരെ സദാ ഓർമ്മിപ്പിക്കാറുണ്ട്. 'പോഗോ'യും 'കൊച്ചു ടി.വി.'യും കമ്പ്യൂട്ടർ ഗെയിമുകളുമൊക്കെ അപ്പുവിനും അമ്മുവിനും വലിയ ഇഷ്ടമാണ്. എന്നാലും അതിനേക്കാളൊക്കെ ഇഷ്ടമാണ് രാത്രിയിൽ കറന്റു പോകുന്ന നേരത്ത് അച്ഛൻ പറയുന്ന കഥകൾ. നല്ല കറുത്ത ബോർഡിൽ വെളുത്ത ചോക്ക് കൊണ്ട് മാഷെഴുതുന്ന അക്ഷരങ്ങൾ പോലെ അതൊക്കെ മനസ്സിൽ പതിയും. അച്ഛന്റെയും അമ്മയുടെയും ബന്ധുക്കളെക്കുറിച്ചും അയൽക്കാരെ കുറിച്ചും എത്രയെത്ര കഥകളാണ് അച്ഛൻ അവർക്കു പറഞ്ഞുകൊടുത്തിട്ടുള്ളത്. ഇന്നത്തേക്കാളും എത്രയോ സ്നേഹസമ്പന്നമായിരുന്നു, കഴിഞ്ഞ കാലം എന്നു തോന്നിപ്പോകും.

അന്നും പതിവുപോലെ അപ്പുവിന്റെ അച്ഛൻ കഥകളുടെ കെട്ടഴിച്ചു... പണ്ടു പണ്ട് അച്ഛന്റെ മുത്തശ്ശൻ സ്കൂൾ വിട്ട് വരുമ്പോൾ വഴിയിലെ മാഞ്ചോട്ടിൽ നിന്നും ഒരു മാങ്ങ കിട്ടി. ഒരു തേനൊലിയൻ കൊച്ചുമാങ്ങ. സത്തൊക്കെ ഊറ്റിക്കുടിച്ച് ആ കുട്ടി മാങ്ങയണ്ടി വളപ്പിൽ നട്ടു. അത് വളർന്നു വലുതായി. കുട്ടികൾ അതിന്റെ ചുവട്ടിൽ കളിച്ചു. എല്ലാ കൊല്ലവും ധാരാളം മാങ്ങകളുണ്ടായി. അങ്ങിനെ മാവു തന്ന മധുര മധുരമായ മാമ്പഴക്കാലങ്ങൾ...

കഥ കേട്ടുകൊണ്ട് അപ്പുവും അമ്മുവും ഉറങ്ങിപ്പോയി. അവരുടെ സ്വപ്നങ്ങളിൽ മുത്തശ്ശിമാരും അപ്പൂപ്പൻമാരും ആയിരം മിന്നാമിനുങ്ങുകളുടെ നുറുങ്ങു വെളിച്ചങ്ങളായി മിന്നിപ്പാറിക്കൊണ്ടിരുന്നു...

*സി.രാജഗോപാലൻ* 9846874025

### പലരും ചോദിക്കുന്ന ചോദ്യം

***ലിറ്റിൽ മാസികയിൽ എഴുതണമെന്നുണ്ട്. പക്ഷെ ചെറുതായി എഴുതാൻ കഴിയുന്നില്ല എന്നതാണ് പ്രശ്നം.***

*ചെറുതായി എഴുതണം എന്ന് മാസികയ്ക്ക് നിർബന്ധമില്ല. അല്ലങ്കിലും രചന ചെറുതാവുന്നതിലല്ല രചനയുടെ ഉള്ളടക്കത്തിലാണ് കാര്യം.കേവലം രൂപപരമായ വലുപ്പച്ചെറുപ്പങ്ങളിൽ മാസിക വിശ്വസിക്കുന്നില്ല. പ്രതിലോമകരമായ ആശയമാണെങ്കിൽ രചന എത്ര ചെറുതാണെങ്കിലും നിരാകരിക്കപ്പെടേണ്ടതല്ലെ?*


***1992 ൽ തുടങ്ങിയ ലിറ്റിൽ മാസികയ്ക്ക് വേണ്ടത്ര സർക്കുലേഷൻ ഇല്ലന്ന് തോന്നുന്നല്ലോ.?.ഇങ്ങനെ ഒരു മാസിക ഉണ്ടെന്നു തന്നെ അറിയപ്പെടുന്നില്ലന്നു തോന്നുന്നു. ഈയിടെ ഭാഷാപോഷിണിയിൽ കെ. എൻ. ഷാജി ലിറ്റിൽ മാഗസിനുകളെക്കുറിച്ച് എഴുതിയ പഠനത്തിലും ലിറ്റിൽ മാസികയെ പരാമർശിച്ചു കണ്ടില്ല?***

*വളരെക്കുറച്ചുപേരോട് വളരെ ആത്മാർത്ഥതമായി ഏറ്റവും അടുത്ത കൂട്ടുകാരനോട്/ കൂട്ടുകാരിയോട് എന്നപോലെ ഏറ്റവും പതുക്കെ സംസാരിക്കുന്ന കാര്യങ്ങളാണ് മാസികയുടെ ഉള്ളടക്കം. പ്രചാരവും അംഗീകാരവും ഒരിക്കലും പരിഗണനയായിട്ടില്ല.*

# പവർ ഓഫ് നൗ

## അഥവാ

# ഇപ്പത്തിന്റെ അപ്പം




എക്കാർട്ട് ടൂളിയുടെ *പവർ ഓഫ് നൗ* എന്ന പുസതകത്തെ മുൻനിർത്തി അൽപ്പം ആലോചനകൾ...


സി.പി. സുരേഷ് ബാബു


നമുക്കൊരു യാത്ര പോകാം. ഇപ്പത്തിന്റെ ഒപ്പമൊരു സാഹസികയാത്ര.ഇപ്പം എന്നാൽ ഇപ്പോൾ ഈ നിമിഷം. ഇപ്പത്തിനൊപ്പം കൂടിയിൽ ഒരാൾ നമ്മോട് പിണങ്ങും. തീർച്ച. അത് മറ്റാരുമല്ല. മനസ്സെന്ന നമ്മുടെ സന്തത സഹചാരി. നിങ്ങളെവിടെ പോയാലും ഒപ്പം വരുന്ന പ്രിയ കൂട്ടാളി. മനസ്സറിയാതെ എന്തെങ്കിലും നിങ്ങളുടെ ജീവിതത്തിലുണ്ടായിട്ടുണ്ടോ? ജീവിതത്തിലെ ഉയർച്ച താഴ്ചകളെയെല്ലാം ഒരു അഭ്രപാളിയിൽ എന്ന പോലെ പകർത്തി ആവശ്യാനുസരണം സ്ക്രീൻ ചെയ്ത് നിങ്ങളെ വിസ്മയിപ്പിക്കുന്ന മനസ്സെന്ന ഈ ചങ്ങാതിയെ കൂട്ടാതെ എങ്ങനെ യാത്ര പോകാനാണ്? എവിടേക്ക് പോകുമ്പോഴും ഡ്രൈവിംഗ് സീറ്റിൽ മനസ്സിനെയാണല്ലോ ഇരുത്തുക. മുമ്പോട്ടും പിമ്പോട്ടുമുള്ള ആ യാത്രയിൽ എവിടെയൊക്കെയോ ചെന്നെത്തി ഫിനിഷിംഗ് പോയിന്റ് ആയി എന്നു കരുതി ഇറങ്ങുമ്പോൾ സ്റ്റാർട്ടിംഗ് പോയിന്റ് തന്നെയാണെന്ന് അറിഞ്ഞ് പറ്റിച്ചേ...പറ്റിച്ചേ... എന്നുപറഞ്ഞ് മനസ്സ് നിങ്ങളെ കളിയാക്കും. എന്നാലും നിങ്ങൾക്കവനെ ഇഷ്ടമാണ്. കാരണം മനസ്സിന്റെ സാമ്രാജ്യത്തിൽ രാജാവ് നിങ്ങളോരൊരുത്തരുമാണല്ലോ. എന്നാൽ ജീവിതത്തിന്റെ പരുക്കൻ യാഥാർത്ഥ്യങ്ങളിൽ ചെങ്കോലും കിരീടവും നഷ്ടപ്പെട്ട് ആ രാജാവ് കാട്ടിലേക്ക് തുരത്തപ്പെടുമ്പോഴും ആരും മനസ്സിനെ പഴിക്കാറില്ല. അവനെ ആശ്രയിക്കാറേയുള്ളു. മനസ്സെന്ന കൂട്ടുകാരൻ എല്ലാ പരാജയങ്ങളുടെയും ഉത്തരവാദിത്തം സമൂഹത്തിന്റെയും സാഹചര്യങ്ങളുടെയും അടുത്ത സുഹൃത്തുക്കളുടെയും തലയിൽ കെട്ടിവെച്ച് നിങ്ങളെ മോചിപ്പിക്കും. ആ ചെങ്കോലും കിരീടവും തലയിൽ തന്നെ വെച്ചുതരും. മന്ത്രിയെയും സേനാനായകനെയും നിയമിച്ച് യുദ്ധസന്നാഹവും നടത്തി മനസ്സ് നിങ്ങളെ വിസ്മയിപ്പിക്കും. എങ്ങനെ പോകും മനസ്സില്ലാത്ത ഒരു യാത്രയ്ക്ക്?

ഇപ്പത്തിന്റെ കൂടെയുള്ള ഈ യാത്ര മനസ്സിനിഷ്ടമേയല്ല. മനസ്സ് പരമാവധി നമ്മെ അതിൽ നിന്നും പിന്തിരിപ്പിക്കും. ഇപ്പം (Now) എന്ന അവസ്ഥയെ മനസ്സ് ഇതുവരെ കണ്ടിട്ടില്ല. മനസ്സ് സദാ ജീവിക്കുന്നത് ഭൂതത്തിലും ഭാവിയിലുമാണ്. ഭൂതത്തിന്റെ നോവുകളും നൊമ്പരങ്ങളും ഭാവിയുടെ ആശങ്കകളും മനസ്സിന്റെ ഇഷ്ടവിഷയങ്ങളാണ്. സംശയമുള്ളവർ വായന നിർത്തിവെച്ച് ഇപ്പം (Now) എന്ന അവസ്ഥയെ കുറിച്ച് ചിന്തിക്കാൻ കഴിയുമോ എന്ന് പരിശോധിക്കുക. ഇപ്പോൾ എന്ന അവസ്ഥയെ അനുഭവിക്കാൻ മാത്രമേ കഴിയൂ എന്ന് ബോധ്യപ്പെടും.

ഇപ്പം (Now) മാത്രമാണ് സത്യം. ഭൂതം കഴിഞ്ഞുപോയി. അതൊരിക്കലും തിരിച്ചുവരില്ല. ഭാവി വരാനിരിക്കുന്നതാണ്. ഇനി അതുണ്ടോ എന്നാർക്കറിയാം. ഇപ്പോൾ മാത്രമാണ് യാഥാർത്ഥ്യം. അതിൽ ജീവിക്കുമ്പോഴാണ് ജീവിതം സാർത്ഥകമാവുന്നത്, ആനന്ദമാകുന്നത്. ജാഗ്രതയോടെ ജീവിക്കുന്ന ഈ നിമിഷം അതിനടുത്ത നിമിഷത്തിനും അത് തുടർന്നുവരുന്ന നിമിഷമോരോന്നിനും ജന്മം കൊടുക്കുന്നു. നിങ്ങളിൽ ആനന്ദത്തിന്റെ അനുഗ്രഹങ്ങൾ വർഷിക്കാനിരിക്കുന്ന നിമിഷങ്ങളുടെ ഊർജ്ജം ഈ നിമിഷത്തിലാണെന്ന് തിരിച്ചറിയണം. ഇത് വെറും വാഗ്ദാനമല്ല അനുഭവിച്ചറിയാൻ കഴിയുന്ന ഒരേയൊരു സത്യമാണ്.

ഓരോ യാത്രയ്ക്കും ഒരു ലക്ഷ്യം വേണം. ലക്ഷ്യത്തിലെത്താൻ മാർഗ്ഗവും വേണം. മാർഗ്ഗത്തെ കുറിച്ചുള്ള അറിവും വേണം. ഈ മുക്കോണമാണ് യാത്രയുടെ ഡയഗ്രം. എന്നാൽ ഇപ്പത്തിനൊപ്പമുള്ള യാത്രയിൽ ലക്ഷ്യവും മാർഗ്ഗവും ഒന്നാണ്. ലക്ഷ്യവും മാർഗ്ഗവും ഒന്നായതുകൊണ്ട് മൂന്നാമത്തെ ഡയമെൻഷന്റെ ആവശ്യവുമില്ല. വർത്തമാനകാലത്തിൽ ജാഗ്രതയോടെ ജീവിക്കുമ്പോൾ യാത്ര തുടങ്ങുകയായി. ആ യാത്ര വർത്തമാനത്തിന്റെ നിലക്കാത്ത പ്രവാഹങ്ങളിൽ കൂടി പുരോഗമിക്കുമ്പോൾ അതിന്റെ അനുഭവങ്ങൾ വാക്കുകളെ കൊണ്ട് വിവരിക്കാൻ കഴിയില്ല.

മനസ്സെന്ന കൂട്ടുകാരൻ ചിലപ്പോഴെല്ലാം യാത്രയുടെ ഇടത്താവളങ്ങളിൽ ഒരൊളിപ്പോരാളിയെ പോലെ നിങ്ങളുടെ മേൽ ചാടിവീഴും. പുതുതായി നമുക്ക് കിട്ടിയ ഇപ്പം എന്ന കൂട്ടുകാരനൊത്തുള്ള യാത്രയെ കളിയാക്കും, വിമർശിക്കും. ചോദ്യങ്ങൾ ചോദിച്ച് ഉത്തരം മുട്ടിക്കും.

ഉത്തരമില്ലാത്ത ആയിരക്കണക്കിന് ചോദ്യങ്ങൾ– ചോദ്യങ്ങൾക്കു മുമ്പിൽ നമ്മൾ പകച്ചു നിൽക്കുമ്പോൾ മനസ്സ്

*ഇപ്പം (Now) എന്ന അവസ്ഥയെ മനസ്സ് ഇതുവരെ കണ്ടിട്ടില്ല. മനസ്സ് സദാ ജീവിക്കുന്നത് ഭൂതത്തിലും ഭാവിയിലുമാണ്. ഭൂതത്തിന്റെ നോവുകളും നൊമ്പരങ്ങളും ഭാവിയുടെ ആശങ്കകളും മനസ്സിന്റെ ഇഷ്ടവിഷയങ്ങളാണ്. സംശയമുള്ളവർ വായന നിർത്തിവെച്ച് ഇപ്പം (Now) എന്ന അവസ്ഥയെ കുറിച്ച് ചിന്തിക്കാൻ കഴിയുമോ എന്ന് പരിശോധിക്കുക. ഇപ്പോൾ എന്ന അവസ്ഥയെ അനുഭവിക്കാൻ മാത്രമേ കഴിയൂ എന്ന് ബോധ്യപ്പെടും.*

തന്നെ വാദിയാകും, പ്രതിയാകും, ജഡ്ജിയാകും. സാക്ഷികളെ കൊണ്ട് കള്ളത്തരം പറയിച്ചും മനസ്സ് അവന്റെ ഭാഗം ജയിപ്പിക്കും.

എന്നാൽ ഇപ്പത്തിന് ചോദ്യങ്ങളേയില്ല. അതുകൊണ്ട് ഉത്തരം തരേണ്ട ബാധ്യതയുമില്ല. അവിടെ കർമ്മം (Action) മാത്രമേയുള്ളു. ജയപരാജയങ്ങളെ കുറിച്ചുള്ള ആശങ്കയില്ല. അതുകൊണ്ട് ജഡ്ജ്മെന്റ് ഇല്ല.

ഇപ്പം വന്നാൽ അപ്പം നൽകാം എന്നുപറഞ്ഞ് കുട്ടിക്കാലത്ത് ചില ഏട്ടൻമാർ ഞങ്ങളെ പറ്റിച്ചിരുന്നു. അപ്പം തിന്നാൻ കൊതി മൂത്ത് ഓടിച്ചെല്ലുമ്പോൾ അവർ കൈമലർത്തും. ഇപ്പം എന്നുപറഞ്ഞ സമയത്ത് നീ വന്നില്ലല്ലോ? അതുകൊണ്ട് അപ്പവുമില്ല.

എന്നാൽ എക്കാർട്ട് ടൂളി (Echart Tolle) എന്ന ജർമ്മൻകാരൻ അപ്പം തിന്നാൻ വിളിക്കുന്നു. ഓടിച്ചെല്ലുന്ന നമ്മെ നിരാശപ്പെടുത്തുന്നേയില്ല. അപ്പമുണ്ടാക്കുന്ന വിദ്യയാണ് ടൂളി നമുക്ക് പറഞ്ഞുതരുന്നത്. ആ അപ്പം നാം തന്നെ ഉണ്ടാക്കണം. അത് ആത്മജ്ഞാനത്തിന്റെ (തിരിച്ചറിവ്) നെയ്യപ്പമാണ്. എനിക്കാ അപ്പത്തിന്റെ രുചി വല്ലാതിഷ്ടപ്പെട്ടു. അത് എല്ലാവരും അറിയണമെന്നും തോന്നി.

എക്കാർട്ട് ടൂളി എഴുതിയ POWER OF NOW എന്ന പുസ്തകത്തെ കുറിച്ചാണ് ഞാൻ പറയുന്നത്. ആ പുസ്തകത്തിന്റെ പേര് ഞാനിങ്ങനെ തർജ്ജമ ചെയ്യുന്നു. "ഇപ്പത്തിന്റെ അപ്പം"

## കുട്ടികളെ കണ്ട് പഠിക്കുക


കുട്ടികളെ കണ്ട് പഠിക്കുക എന്നാണ് ടൂളി പറയുന്നത് കുട്ടികൾ സദാ വർത്തിക്കുന്നത് വർത്തമാനത്തിലാണ്. അവരുടെ കൂട്ടായ്മയിൽ സന്തോഷവും ആഹ്ലാദവും അലതല്ലുകയാണ്. ഭൂതകാലത്തിന്റെ ഭാരമോ ഭാവിയുടെ അരക്ഷിതാവസ്ഥയെ കുറിച്ചുള്ള ആശങ്കയോ അവർക്കില്ല. അവർ വർത്തമാനത്തിൽ ജീവിക്കുന്നു. പരിപൂർണ്ണ ശ്രദ്ധയാണ് വർത്തമാനം (Now) അവരുടെ ഓരോ നിമിഷവും വർത്തമാനത്തിലാണ്. വിഖ്യാതകവി William Words Worth പറഞ്ഞു: "Child is the father of man" (ഓരോ കുട്ടിയും അവന്റെ അപ്പന്റെയും അപ്പനാണ്).

കുട്ടി വളരുമ്പോൾ അവന്റെ വർത്തമാനത്തിൽ ജീവിക്കാനുള്ള ശക്തിയെ, ബോധപൂർവ്വമായും അബോധപൂർവ്വമായും സമൂഹം ചോർത്തിക്കളയുന്നു. അവന്റെ മനസ്സിലേക്ക് ഭീതിയുടെ ബീജങ്ങൾ വിതയ്ക്കുന്നു. കുടുംബാഭിമാനത്തിന്റെ, ജാതീയതയുടെ, മതവിശ്വാസങ്ങളുടെ, അന്ധവിശ്വാസങ്ങളുടെ, വിദ്യാഭ്യാസ രീതികളുടെ, സങ്കുചിത ദേശീയതയുടെ അച്ചുകളിൽ കൂടി അവനെ പരിമിതപ്പെടുത്തുന്നു.

കുട്ടിയുടെ ആഹ്ലാദം വളരുമ്പോൾ എങ്ങനെ നഷ്ടപ്പെടുന്നു? ഓരോ മനുഷ്യനിലും കുട്ടിക്കാലത്ത് സഹജമായുണ്ടായിരുന്ന ആനന്ദവുമായി ബന്ധപ്പെട്ടാണോ മനുഷ്യൻ പെരുമാറുന്നത്? അല്ല. ഇരുപതാം നൂറ്റാണ്ടിൽ മാത്രം 100 ദശലക്ഷത്തിൽപരം മനുഷ്യരെ മനുഷ്യൻ കൊന്നൊടുക്കി. ഇത്രയധികം ദുരിതം പരസ്പരം അടിച്ചേൽപിക്കുന്ന ഏത് ജീവിവർഗ്ഗമാണ് ഭൂമിയിലുള്ളത്? സ്പർശബോധമുള്ള ഇതരജീവിവർഗ്ഗങ്ങളിൽ അടിച്ചേൽപിക്കുന്ന പീഢനങ്ങളും അതിക്രമങ്ങളും വേറെ. കുടുംബത്തിനു പുറത്തും അകത്തും മാനസികവും വൈകാരികവുമായ വേദനകൾ അനുഭവിക്കുന്നവർ എത്രയെത്ര? ആഴത്തിലുള്ള നിഷേധാത്മകത (Negativity) കൈമുതലായവർക്കു മാത്രമേ ഇങ്ങനെ പെരുമാറാനാവൂ എന്നാണ് ടൂളി പറയുന്നത്.

വർത്തമാന നിമിഷത്തിന്റെ നിരാസമാണ് എല്ലാ ദു:ഖങ്ങളുടെയും ഹേതു. അസ്വസ്ഥത, ആകാംക്ഷ, പിരിമുറുക്കം, സമ്മർദ്ദം, വേവലാതി തുടങ്ങിയ ഭീതിയുടെ എല്ലാ രൂപങ്ങളും ഭാവിയെ കുറിച്ചുള്ള അമിതമായ ചിന്തകൊണ്ടും വർത്തമാനത്തിൽ ജീവിക്കാത്തതു കൊണ്ടുമാണ് ഉണ്ടാകുന്നത്. ഭൂതകാലത്തെ കുറിച്ച് അമിതമായി ചിന്തിക്കുന്നതു കാരണം, കുറ്റബോധം, പശ്ചാത്താപം, നീരസം, ആവലാതികൾ, സങ്കൽപവിദ്വേഷം തുടങ്ങിയവ ഉണ്ടാകുന്നു. ഇത് ആഴത്തിലുള്ള നിഷേധാത്മകതയ്ക്ക് വഴിവെക്കുന്നും. ഇതാണ് അക്രമങ്ങളുടെ കാരണം. അതുകൊണ്ട് വർത്തമാനകാലത്തിൽ മാത്രം ശ്രദ്ധിച്ച് ഇപ്പത്തിന്റെ അപ്പം രുചിക്കുക, കുട്ടിയുടെ ആഹ്ലാദം നിലനിർത്തുക. ഇപ്പത്തിന്റെ അപ്പത്തിന്റെ നിർമ്മാണവിദ്യകൾ വരും ലക്കങ്ങളിൽ പങ്കുവെക്കാം.

*സി.പി. സുരേഷ് ബാബു 9447980530*



**എക്കാർട്ട് ടൂളി**

*മതാതീത ആത്മീയതയുടെ പ്രചാരകൻ. ജർമ്മിനിയിൽ ജനനം. ലണ്ടൻ സർവ്വകലാശാലയിൽ നിന്നും ബിരുദം നേടിയ ശേഷം കേം ബ്രിഡ്ജ് സർവ്വകലാശാലയിൽ ഗവേഷക വിദഗ്ധനായി. ഇപ്പോൾ ലോകം മുഴുവൻ സഞ്ചരിച്ച് പ്രഭാഷണം നടത്തുന്നു. Stillness speaks, Practicing the Power of Now എന്നിവ മറ്റു രചനകൾ*

# കരുണ ചെയ്യുക വല്ലപ്പോഴും; ഒപ്പം യാദൃശ്ചികമായി നല്ല കാര്യങ്ങളും..

അഡയർ ലാറ

സാൻഫ്രാസിസ്കോയിലെ, കടുത്ത തണുപ്പുള്ള ഒരു ശിശിരകാല പ്രഭാതം. ഒരു ചുവന്ന ഹോണ്ടാ കാറിന്റെ പിറകിൽ നിറയെ ക്രിസ്മസ് സമ്മാനങ്ങൾ തിക്കി നിറച്ച് ഒരു വനിത ബേ ബ്രിഡ്ജ്ടോൾ ബൂത്തിനെ സമീപിക്കുന്നു. പുഞ്ചിരിച്ചുകൊണ്ട് അവൾ പറയുന്നു. എനിക്കും, പുറകേ വരുന്ന ആറ് കാറുകൾക്കുമുള്ള പണം ഇതാ ഞാൻ തരുന്നു. ടിക്കറ്റുകൾ കൗണ്ടറിൽ ഏൽപിച്ച് അവൾ കാർ ഓടിച്ചുപോയി.

ഒന്നിനുപുറകെ ഒന്നായി ആറ് കാറുകളും ബൂത്തിലെത്തി, അവർ അവിടെ അടയ്ക്കേണ്ട ഡോളർ കയ്യിൽ തന്നെ പിടിച്ചിരുന്നു. ബൂത്ത് ജീവനക്കാരൻ പറഞ്ഞു, മുമ്പു കടന്നുപോയ ഒരു സ്ത്രീ നിങ്ങൾ ആറുപേരുടെയും പണം അടച്ചിട്ടുണ്ട്. ഒരു നല്ല ദിവസം ആശംസിക്കുന്നു.

ഒരു സുഹൃത്തിന്റെ റഫ്രിജറേറ്ററിൽ ഒട്ടിച്ചിരുന്ന കാർഡിൽ ഹോണ്ട ഓടിച്ച ആ സ്ത്രീ വായിച്ച മുദ്രാവാക്യമാണ്. കരുണ ചെയ്യുക വല്ലപ്പോഴും അതുപോലെ യാദൃശ്ചികമായെങ്കിലും ചില നല്ല കാര്യങ്ങളും. അത് അവളിലേക്ക് ആഴ്ന്നിറങ്ങിയ ഒരു മുദ്രാവാക്യമായി തീർന്നു. അവൾ അത് എഴുതി എടുത്തു.

തന്റെ വീട്ടിൽ നിന്നും നൂറുമൈൽ അകലെയുള്ള ഒരു സംഭരണശാലയുടെ ഭിത്തിയിൽ പെയിന്റ് കൊണ്ട് എഴുതപ്പെട്ട നിലയിലാണ് ജൂഡി ഫോർമാൻ അതുകണ്ടത്. അത് അവളുടെ മനസ്സിൽ ദിവസങ്ങളോളം പതിഞ്ഞുകിടന്നു. ഒരു ദിവസം അവൾ അവിടംവരെ വണ്ടിയോടിച്ചുപോയി അത് എഴുതിയെടുത്തു. അത് അവിശ്വസനീയമാംവിധം മനോഹരമാണ്. ജൂഡി പറഞ്ഞു. അവളുടെ എല്ലാ കത്തുകളുടെ താഴെയും ആ മുദ്രാവാക്യം അവൾ എഴുതിച്ചേർത്തു. അത്യുന്നതങ്ങളിൽ നിന്നും ഉള്ള ഒരു സന്ദേശം പോലെ.

ജൂഡി ഫോർമാന്റെ ഭർത്താവ് ഫ്രാങ്കിന് ഈ മുദ്രാവാക്യം വളരെയധികം ഇഷ്ടമായി. അദ്ദേഹം ഏഴാം ഗ്രേഡിലെ ക്ലാസ് ഭിത്തിയിൽ അത് എഴുതിയിട്ടു. അവിടെ പഠിച്ചിരുന്ന ഒരു കുട്ടിയുടെ അമ്മ ഒരു പത്രത്തിലെ പംക്തി എഴുത്തുകാരിയായിരുന്നു. അവർ അത് ഒരു പേപ്പറിൽ കുറിച്ചിട്ടു. അവർക്കത് ഇഷ്ടമായി. അത് എവിടെനിന്നു വന്നുവെന്നോ അതിന്റെ അർത്ഥമെന്തെന്നോ അവർക്കറിഞ്ഞുകൂടായിരുന്നു.

രണ്ടു ദിവസങ്ങൾക്കുശേഷം, ആനി ഹെർബർട്ട് ആ വാക്യം ഉരുവിടുന്നത് അവൾ കേട്ടു. നല്ല ഉയരവും വെളുത്ത നിറവും സ്വർണവർണ മുടിയുമുള്ള ഹെർബർട്ട്, രാജ്യത്തെ സമ്പന്ന കൺട്രികളിലൊന്നായ മാരിനിലാണ് താമസിക്കുന്നത്. ഒരുപാടു ദിവസം മനസ്സിൽ കൊണ്ടുനടന്ന ആ വാക്യം സാസലിറ്റോ റെസ്റ്റോറന്റിൽ വെച്ച് അവർ ഒരു പേപ്പർ പ്ലേസ്മാറ്റിൽ കുറിച്ചിട്ടു.

ഇത് അത്ഭുതകരമായിരിക്കുന്നു. അടുത്തിരുന്നിരുന്ന ഒരാൾ പറഞ്ഞു. അയാൾ ശ്രദ്ധാപൂർവ്വം അത് തന്റെ പേപ്പർ പ്ലേസ്മാറ്റിൽ കുറിച്ചിട്ടു.

ഇതാണ് എന്റെ ആശയം. ഹെർബെർട്ട് പറയുന്നു: നിങ്ങൾ എന്തു തന്നെ വിചാരിച്ചാലും അതേക്കുറിച്ച് വളരെയധികം കാര്യങ്ങൾ ഉണ്ടാവുമെന്നതു തീർച്ച. ഇടയ്ക്കെപ്പോഴെങ്കിലും അത് പ്രാവർത്തികമാക്കുക.

ഹെർബർട്ടിന്റെ വിചിത്രസ്വഭാവങ്ങളിൽ ഇവ ഉൾപ്പെടുന്നു:

(1) മുഷിഞ്ഞ് നിറം മങ്ങിയ ക്ലാസ്സ് മുറികൾ ഉള്ള സ്കൂളുകളിലേക്കു കടന്നുചെന്ന് അവ വൃത്തിയായി പെയിന്റ് ചെയ്യുക. (2) നഗരത്തിൽ പാവങ്ങൾ താമസിക്കുന്ന പ്രദേശങ്ങളിൽ സൗജന്യഭക്ഷണം നൽകുക. (3) വൃദ്ധയായ ഒരു സ്ത്രീക്ക് സാമ്പത്തികസഹായം ആവശ്യമെങ്കിൽ ഇടപെടുക. നന്മ എന്നു പറയുന്നതിനു സ്വയം ഒരുപാട് വളരാൻ കഴിയും; തിന്മയുടേതുപോലെതന്നെ.

ഈ ആദർശവാക്യം അതിവേഗം പ്രചരിപ്പിക്കപ്പെടുകയാണ്. ബമ്പർ സമ്മാനങ്ങളുടെ ടിക്കറ്റുകളിൻമേൽ, ഭിത്തികളിൽ, കത്തുകളിൽ, ബിസിനസ്സ് കാർഡുകളിൽ എല്ലാം കൂടി വളരെ വേഗത്തിൽ നന്മയുടെ ഒരു ഗറില്ലാ യുദ്ധതന്ത്രം പോലെയാണതു പരക്കുന്നത്.

പോർട്ട്ലാന്റിലെ ഒരിഗോണിൽ, അപരിചിതന്റെ പാർക്കിംഗ് മീറ്ററിലേക്ക് അത്യാവശ്യം വന്നപ്പോൾ ഒരാൾ ഒരു നാണയം നിക്ഷേപിക്കുന്നു. ന്യൂജഴ്സിയിലെ പാറ്റേഴ്സണിൽ, ഒരകു ഡസൻ ആളുകൾ ബക്കറ്റും ചൂലും, ടൂലിപ് ചെടിയുടെ വിത്തുകളുമായി ഒരു വൃത്തിഹീനമായ വീട്ടിലേക്ക് കയറിച്ചെന്ന് അത് അടിമുടി വൃത്തിയാക്കുന്നു. അതിന്റെ പ്രായമുള്ള ഉടമസ്ഥർ, പരിഭ്രമത്തോടെയും ചെറുചിരിയോടെ അതു നോക്കി നിൽക്കുന്നു. ചിക്കാഗോയിൽ ഒരു ചെറിയ കുട്ടി അവന്റെ ഉൾപ്രേരണയാൽ കോരികയും ചൂലും ഉപയോഗിച്ച്, ചെറിയ ഒരു നടപ്പാത വൃത്തിയാക്കുന്നു. ഇതെന്തു കഷ്ടം ആരും ഇതൊന്നും ശ്രദ്ധിക്കുന്നു പോലുമില്ലല്ലോ എന്ന് അവൻ പരിതപിക്കുന്നു. പക്ഷേ, അയൽപക്കക്കാരന്റെ വീട്ടിലേക്കുള്ള വഴികൂടി അവൻ വൃത്തിയാക്കുവാൻ മറക്കുന്നില്ല.

ഇത് ധന്യമായ ഒരു അരാജകവാദമാണ്. ഗുണപരമായ ഒരു ക്രമരാഹിത്യമാണ്, മധുരതരമായ ഒരു ശല്യവും. ബോസ്റ്റണിലെ ഒരു സ്ത്രീ തനിക്കു കിട്ടുവാനുള്ള പണത്തിനുള്ള അപേക്ഷ ബാങ്കിലെ ടെല്ലറെ ഏൽപിക്കുമ്പോൾ അതിന്റെ പുറകിൽ എഴുതുന്നു: സന്തോഷകരമായ ക്രിസ്മസ്. സെന്റ് ലൂയിസിൽ ഒരാളുടെ കാർ മറ്റൊരു യുവതിയുടെ കാറിനു പിന്നിൽ ഇടിക്കുന്നു. അവർ കൈവീശിക്കൊണ്ട് അയാളോടു പറയുന്നു: വിഷമിക്കേണ്ട സുഹൃത്തേ, അവിടെ ഒരു ചെറിയ പോറൽ മാത്രം!

അങ്ങനെ അയുക്തികമായ പ്രവർത്തനങ്ങളുടെ സൗന്ദര്യം പരക്കുകയാണ്. വഴിയോരങ്ങളിൽ ഡാഫോഡിൽസ് നടുന്ന ഒരാൾ അരികെക്കൂടെ പാഞ്ഞുപോകുന്ന കാറുകളുടെ സ്പീഡ് സൃഷ്ടിക്കുന്ന കാറ്റിൽ അയാളുടെ ഷർട്ട് പറന്നുപൊങ്ങുന്നു. സിയാറ്റിൽ ഒരാൾ സ്വയം ഒരു ശുദ്ധീകരണ സംരംഭത്തിന്റെ സ്വയംപ്രഖ്യാപിത മേധാവിയായി തീരുകയും, സമീപസ്ഥലങ്ങളായ കോൺക്രീറ്റ് വനങ്ങളുടെ പരിസരങ്ങളിൽ നിന്നും ചണ്ടിയും ചപ്പുചവറു

# ഒരു പശുക്കഥ കൂടി

അക്കു

കഴിഞ്ഞ ലക്കം ലിറ്റിൽ മാസികയിൽ ഒരു പശുവിന്റെ കഥ പറഞ്ഞിരുന്നല്ലോ. അയൽപക്കത്തെ കർഷക ദമ്പതികളുടെ ഉപജീവനമാർഗ്ഗമായിരുന്നു ആ പശു. പെൺമക്കളെയെല്ലാം കെട്ടിച്ചയച്ച് ഉമ്മയും വാപ്പയും പരസ്പരം ഊന്നുവടികളായി കഴിയുമ്പോൾ വീടിനോടു ചേർന്നുള്ള തൊഴുത്തിലെ പശുവും കിടാവുമായിരുന്നു അവരുടെ കൂട്ട്. മണ്ണിൽ നന്നായി അദ്ധ്വാനിക്കുന്ന സൗമ്യനായ കൃഷിക്കാരനായിരുന്നു വാപ്പ. ഒരിളംകാറ്റായി അയൽപക്കത്തെ ആ കർഷകജീവിതം ഞങ്ങളെയൊക്കെ തഴുകികൊണ്ടേയിരിക്കുന്ന വേളയിൽ ഒരു ദിവസം പൊടുന്നനെ വാപ്പ ജീവിതത്തിൽ നിന്ന് മറഞ്ഞുപോയി. ഒരു വർഷമായിട്ടില്ല. ഉമ്മയുടെ ആർത്തുവിളിച്ചുള്ള കരച്ചിൽ കേട്ട് ഞങ്ങളോടിച്ചെല്ലുമ്പോൾ വാപ്പ കസേരയിൽ വാടിത്തളർന്ന് തല ചെരിഞ്ഞ് കിടക്കുന്നു. വിളിച്ചാൽ അനക്കമില്ലാത്തവിധം ഉമ്മ പകർന്നുനൽകിയ അവസാനത്തെ വെള്ളവും ഇറങ്ങാതെ വായിൽ നിന്നും പുറത്തേക്കൊഴുകി... അത് അന്ത്യയാത്രയുടെ ആരംഭമാണെന്നറിയാതെ ഞങ്ങൾ താങ്ങിക്കിടത്തി. അയൽക്കാർ ഓടിക്കൂടി. വണ്ടിയെത്തി. നഗരത്തിലെ ആശുപത്രിയിലെത്തി. ഐസിയുവിൽ. വെന്റിലേറ്ററിൽ. ഡോക്ടർ തുറന്നുപറഞ്ഞു. വെന്റിലേറ്ററിൽ നിന്ന് മാറ്റിയാൽ മരണം ഉറപ്പ്. ഇല്ലെങ്കിൽ ഏതാനും ദിവസം അങ്ങനെ കിടന്നെന്നുവരാം. പണം കുറേ ചിലവാകും. പ്രത്യേകിച്ച് കാര്യമില്ലാതെ... ഒടുവിൽ മക്കളെയും ബന്ധുക്കളെയും കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി. വെന്റിലേറ്റർ നിലച്ചു. കണ്ടുകൊണ്ടിരിക്കെ വിശുദ്ധവചനങ്ങൾ കാതിൽ പകർന്നുകൊണ്ടിരിക്കെ വാപ്പയുടെ പ്രാണൻ വിട്ടുപോകുന്നതിന് ഞങ്ങൾ സാക്ഷികളായി.

സംസ്കാരം കഴിഞ്ഞ് ആളുകളെല്ലാം പിരിഞ്ഞുപോയതിനുശേഷം മക്കളും മരുമക്കളും പേരക്കുട്ടികളും എല്ലാവരും ആലോചിക്കുന്നു. അവർക്കെല്ലാം പോകണം. ഉമ്മ ഇനി തനിച്ച് എന്തുചെയ്യും? ഈ പശുവിനെ വിട്ട് ഉമ്മ എങ്ങനെ തങ്ങളുടെ കൂടെ പോരും?

ഉമ്മ ഈ ചർച്ചകളിൽ നിന്നെല്ലാം അകന്ന് വീടിനകത്ത് ശുഭ്രവസ്ത്രധാരിണിയായി നാൽപതു ദിവസത്തെ ഏകാന്തവാസത്തിലേക്ക് പ്രവേശിച്ചു കഴിഞ്ഞു ഭർത്താവ് മരിച്ചാൽ മരിച്ചാൽ ഭാര്യ അനുഷ്ഠിക്കേണ്ട ചര്യ. ആളുകളോടിടപഴകാതെ കണിശതയോടെയുള്ള ഒതുങ്ങിക്കൂടൽ!

ബന്ധുജനങ്ങളുടെ ചർച്ച മുഴുവൻ പശുവിനെ ചുറ്റിപ്പറ്റിയായിരുന്നു. ഉമ്മ 40 ദിവസം അകത്തിരിക്കുമ്പോൾ പശുവിനെ ആരു നോക്കും? 40 ദിവസം കഴിഞ്ഞാൽ ഉമ്മ തനിച്ച് എങ്ങനെ പശുവുമായി കഴിയും? പശുത്തൊഴുത്തിനടുത്തുള്ള അയൽവീട്ടുകാർ എപ്പോഴും ചാണകത്തിന്റെ നാറ്റത്തെ കുറിച്ച് പരാതി പറയാറുള്ളതാണ്. അവരും ചർച്ചയിൽ കൂടി. പശുവിനെ വിൽക്കാം! ഇനി ഉമ്മാക്ക് എന്തിനാണ് പശു? ഉമ്മയുടെ അസാന്നിദ്ധ്യത്തിൽ ഉമ്മയെക്കുറിച്ചും പശുവിനെ കുറിച്ചുമുള്ള ചർച്ച പുരോഗമിച്ചു. ഒടുവിൽ തീരുമാനം പ്രഖ്യാപിച്ചു. കച്ചവടക്കാർ വന്നു. പശുവിന് മതിപ്പുവില പറഞ്ഞു. കച്ചവടമുറപ്പിച്ചു. ഉമ്മയോട് അകത്തുചെന്ന് അഭിപ്രായമാരാഞ്ഞിരിക്കണം. പക്ഷേ.... പശുവിനെയും കിടാവിനെയും കണ്ട് ഒന്നു തലോടാൻ പോലും ഉമ്മാക്ക് കഴിഞ്ഞില്ല. കച്ചവടക്കാർ പശുവിനെ കൊണ്ടുപോകുമ്പോൾ പാതി തുറന്ന ജനാലയിലൂടെ ഉമ്മ പശുവിനെ അവസാനമായി നോക്കുന്നുണ്ടായിരുന്നു.

അക്കു 8547300532



---

കളും മറ്റ് അഴുക്കുകളും ഒരു സൂപ്പർ മാർക്കറ്റ് വാഹനത്തിൽ കയറ്റി കൊണ്ടുപോകുന്നു.

അവർ പറയുന്നതു സ്വയം അൽപമെങ്കിലും സന്തോഷിക്കാതെ നിങ്ങൾക്കു പുഞ്ചിരിക്കുവാനാകുകയില്ലായെന്നാണ്. നിങ്ങളുടെ കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളും അൽപമെങ്കിലും ലഘൂകരിക്കപ്പെട്ടാലേ നിങ്ങൾക്കു വല്ലപ്പോഴുമെങ്കിലും കരുണ കാണിക്കാനാവൂ. ഇങ്ങനെയൊക്കെയായിത്തീരണമെങ്കിൽ ലോകം അല്പം കൂടി ഭേദപ്പെട്ട ഒരു സ്ഥലമായിത്തീർന്നിരിക്കുന്നു എന്ന ബോധ്യം ഉണ്ടാവണം.

ഒരു ആഹ്ലാദകരമായ ഞെട്ടലിൽകൂടി മാത്രമേ നിങ്ങൾക്കു നന്മയുടെ സ്വീകർത്താവാകാൻ കഴിയൂ. വളരെ വേഗം പാഞ്ഞുപോകേണ്ട അത്യാവശ്യം ഉണ്ടായിട്ടുള്ള ഒരു ഡ്രൈവർക്കു മാത്രമേ, പുറകെ വരുന്നവന്റെ ടോൾ ഫീ കൂടി കൊടുക്കുവാൻ തോന്നൂ. ഇത് മറ്റൊരാളെ ഒരു സത്പ്രവൃത്തി ചെയ്യുവാൻ പ്രേരിപ്പിക്കുമെന്നും അയാൾക്കറിയാം. നാൽക്കവലയിൽ കണ്ടുമുട്ടുന്ന അജ്ഞാതന് കൈയുയർത്തി അഭിവാദനം നൽകൂ. ജോലി ചെയ്തു ക്ഷീണിക്കുന്ന ഒരുവന് ഒരു പുഞ്ചിരി സമ്മാനിക്കൂ. അല്ലെങ്കിൽ അതിലും വലുതും മഹത്തരവുമായി മറ്റെന്തെങ്കിലും-എല്ലാ വിപ്ലവങ്ങളെയുംപോലെ. നന്മയുടെ ഗൊറില്ലാ അദ്ധ്യായവും വളരെ പതുക്കെയാണ് ആരംഭിക്കുന്നത്. ഏതെങ്കിലും ഒരു ചെറിയ പ്രവൃത്തിയിലൂടെ അതു നിങ്ങളുടെ ആരംഭിക്കുന്നത്. ഏതെങ്കിലും ഒരു ചെറിയ പ്രവൃത്തിയിലൂടെ അതു നിങ്ങളുടെ പ്രവൃത്തിതന്നെയായിരിക്കട്ടെ.

കവിത

# പദ്ധതികൾ


ശ്രീകുമാർ കരിയാട്

ചില്ലകളിൽ ചെന്നിരിപ്പ്
കൂടുകൂട്ടൽ പദ്ധതികൾ
പാട്ടുപാടാൻ നേരമില്ല
ചുള്ളിക്കമ്പെവിടുന്ന്?
നാരുകളോ? അറിയില്ല
എങ്കിലും ഞാൻ
കൂടുകൂട്ടും
എന്നാരോ പറയുന്നു
ഉള്ളിൽ നിന്നും പറയുന്നു.

അവനാളാണോ?
അവളാണോ?
ഒന്നുമറിയില്ല.

ഇപ്പൊത്തന്നെ പറന്നുപോണം
അപ്പുറങ്ങൾ കടന്നുപോണം
തിരിച്ചു വരും ചുള്ളിക്കമ്പ്
തിരിച്ചുവരും നാരുകൾ

ഒരു കൂട്
പറന്ന് വന്ന്
മുകൾച്ചില്ലയിൽ വാഴുമ്പോലെ
ഭാവന ഞാനായി മാറിത്തീരുവതെൻ
സങ്കൽപ്പം



പംക്തി ആരംഭിക്കുന്നു

## കഥയ്ക്കുമപ്പുറം

നിത്യജീവിതത്തിലെ ചില സാധാരണ
അനുഭവങ്ങൾ.. കേവലം കഥയ്ക്കുമപ്പുറം
ചിലത് അവയ്ക്ക് നമ്മോട് പറയാനുണ്ട്..

എം. ജി. സുരേഷ്

പുതുമഴക്ക്തൊട്ടുമുമ്പാണ് കുമാരേട്ടന്റെ കാളവണ്ടിയിൽ ചാണകവും വെണ്ണീറും പാടത്തേക്ക് കൊണ്ടുപോകുവാൻ വീട്ടിൽവരിക. അത് ഞങ്ങൾക്ക് ഉത്സവമാണ്. വളം കയറ്റി പാടത്തേക്ക് പോന്ന വണ്ടിയുടെ പിന്നാലെ ഞങ്ങളും പോകും. തിരിച്ചു വരുമ്പോൾ വണ്ടിയിൽ കയറിയിരിക്കാം. ആ കാളവണ്ടി യാത്രയുടെ ആനന്ദത്തിനുവേണ്ടി മാത്രമായിരിക്കും ഞങ്ങൾ കാത്തിരിക്കുന്നത്. അതൊരു ഉത്സാഹമായിരുന്നു. ഉത്സവമായിരുന്നു

കുമാരേട്ടൻ എന്നാൽ ഞങ്ങളുടെ ഭാഷയിൽ വണ്ടിക്കാരൻ കുമാരേട്ടൻ. ആജാനബാഹു. ആറടി ഉയരം അതിനൊത്ത ശരീരം, അതിനേക്കാൾ ഗംഭീരമായ ശാരീരം. കന്നിയിലേയും മകരത്തിലേയും കൊയ്ത്ത് കഴിഞ്ഞാൽ അച്ഛന്റെ ഓപ്പോൾ താമസിച്ചിരുന്ന തൃശൂരിലേക്ക് നെല്ലുകൊണ്ടുപോവാൻ , പിന്നെ നേരത്തെ പറഞ്ഞതുപോലെ വളം കൊണ്ടു പോകാൻ അങ്ങിനെ വർഷത്തിൽ മൂന്നു തവണ കുമാരേട്ടന്റെ വണ്ടി തറവാട്ടിൽ വരും. ഇതിൽ മകരകൊയ്ത്ത് കഴിഞ്ഞുള്ള വരവ് മാത്രമാണ് ഞങ്ങൾ കാത്തിരുന്നത്. മറ്റ് രണ്ട് അവസരങ്ങളിലും വണ്ടിയിൽ കയറുവാൻ ഞങ്ങൾക്ക് അനുവാദമില്ല. മാത്രമല്ല നെല്ലുകൊണ്ടുപോകുവാൻ വണ്ടിയെത്തുക മിക്കവാറും സന്ധ്യകഴിഞ്ഞായിരിക്കും താനും.

തൃശൂരിലേക്ക് നെല്ലുകൊണ്ടുപോകുന്ന ജോലി കുമാരേട്ടനെ ഏൽപ്പിച്ചിട്ട് വർഷങ്ങൾ പലതായിട്ടുണ്ടായിരുന്നു . അളന്ന് ചാക്കിൽ കെട്ടിയ നെല്ല് കുമാരേട്ടന് കൃത്യമായി തൃശൂരിലെത്തിക്കും. തൃശൂരിൽ നെല്ലെത്തിയാൽ അതൊന്ന് അളന്ന് നോക്കേണ്ട ആവശ്യം ആർക്കും തോന്നിയിട്ടില്ലായിരുന്നു.തോന്നേണ്ട ആവശ്യവുമില്ലായിരുന്നു.തറവാട് ഭാഗം കഴിഞ്ഞപ്പോൾ തൃശൂർ താവഴിയുടെ നിലം പണിയിക്കേണ്ട, തൃശൂരിലേക്ക് നെല്ലെത്തിക്കേണ്ട ഉത്തരവാദിത്വം അച്ഛനായിരുന്നു. അക്കാലങ്ങളിൽ എന്തോ നെല്ലളവിലെ കൃത്യതയെചൊല്ലി തൃശൂരിൽ നിന്നും സംശയങ്ങളായി. സംശയത്തിന്റെ മുന നീണ്ടത് കുമാരേട്ടനിലേക്ക്. അച്ഛനെതിർത്തു. പക്ഷേ ഉടമസ്ഥർ ശഠിച്ചു. കുമാരേട്ടനെ പരീക്ഷിക്കുവാനായി ഒരിക്കൽ അന്തോണിയേട്ടനെ കൂട്ടിനയച്ചു. കൂട്ടിനായിരുന്നില്ല അത്, നെല്ലിന്റെ സുരക്ഷക്കായിട്ടായിരുന്നു.എന്നാൽ ഈ

# വണ്ടിക്കാരൻ കുമാരേട്ടൻ

സംശയങ്ങളിലൊന്നും വാസ്തവത്തിന്റെ കണികപോലുമുണ്ടായിരുന്നില്ല. അങ്ങിനെയൊരു ആശയക്കുഴപ്പം അന്ന് സൃഷ്ടിക്കേണ്ടത് ആ നെല്ലിന്റെ സ്വാദറിഞ്ഞ അനുഭവിച്ച ചിലരുടെ ആവശ്യമായിരുന്നു.നെല്ലും പാടവും അതുവരേയും കണ്ടിട്ടില്ലാത്ത അവർ സ്വയം കർഷകർ ചമയാനുള്ള അവസരമൊരുക്കുകയായിരുന്നു.അതിന്റെ ബലിയാടായത് കുമാരേട്ടൻ, അല്ലെങ്കിൽ അദ്ദേഹത്തിലർപ്പിച്ചിരുന്ന വിശ്വസ്തത.

ഇത്രയൊക്കെയായിട്ടും, കുമാരേട്ടൻ തന്റെ സ്വതസിദ്ധ സ്വഭാവത്തിലും പെരുമാറ്റത്തിലും മാറ്റം വരുത്തിയില്ല. അത് കുമാരേട്ടന്റെ മാന്യത. താൻ സംശയക്കപ്പെട്ടു എന്നത് കുമാരേട്ടനും അറിയാമായിരുന്നു എന്നതും സത്യം. ഒരു പക്ഷേ പിൽകാലത്തെപ്പോഴെങ്കിലും കുമാരേട്ടൻ തന്നെ സംശയിച്ചവരുടെ മനോനിലയെക്കുറിച്ചോർത്ത് ചിരിച്ചിട്ടുണ്ടാവാം. കാരണം കുമാരേട്ടന് എല്ലാം ഒരു ചിരിയിലൊതുക്കുവാൻ അറിയാമായിരുന്നു.ചുറ്റിലും ചിരി പടർത്തുവാനുമറിയാമായിരുന്നു. .

സത്യം. ചുറ്റിലും ചിരി പടർത്തുവാനുള്ള കുമാരേട്ടന്റെ കഴിവ് അസാധ്യമായിരുന്നു.

ഏതൊരു അവസരത്തേയും തന്റേതുമാത്രമായ ശൈലിയിലെ സംഭാഷണങ്ങൾ കൊണ്ട് അദ്ദേഹം ലാഘവപ്പെടുത്തുമായിരുന്നു . ഞങ്ങളത് ഏറ്റവും നന്നായി അനുഭവിച്ചത് വിനുവിന്റെ അച്ഛൻ മരിച്ച അന്നായിരുന്നു.ഞങ്ങൾ അന്നത്തെ കൂട്ടുകാർക്ക് വീടെന്നു പറയുമ്പോൾ എല്ലാകൂട്ടുകാരുടേയും വീടുകൾ ഞങ്ങളുടേതുകൂടിയായി.ഞങ്ങളെല്ലാം എല്ലാ വീട്ടിലേയും കുട്ടികളായി.അതിനാൽ സൗഹൃദങ്ങളാൽ മാത്രമല്ല, മാതാപിതാക്കളാലും സമൃദ്ധമായി ഞങ്ങളുടെ കൗമാരവും യൗവ്വനവും. വിനുവിന്റെ അച്ഛന്റെ വേർപാട് അതിനാൽ തന്നെ ഞങ്ങളെയെല്ലാം ഉലച്ചു. വീടു നിറയെ ആളുണ്ടായി . ദുഃഖം ഘനീഭവിച്ചിരുന്ന രാത്രി കഴിഞ്ഞു. ശവദാഹത്തിനുള്ള തയ്യാറെടുപ്പുകൾ തുടങ്ങേണ്ടിയിരുന്നു. എന്തു ചെയ്യണമെന്നറിയാതെ എല്ലാവരും കൂട്ടം കൂടുകയായി . അപ്പോഴാണ് ആൾക്കൂട്ടത്തിൽ നിന്നുംം കുമാരേട്ടന്റെ സ്വരമുയരുന്നത്. പിന്നെ എല്ലാതിനും നേതൃത്വം കുമാരേട്ടനായി . കുമാരേട്ടന്റെ സംഭാഷണ രീതി പിരിമുറുക്കങ്ങൾക്ക് വല്ലാത്ത അയവ് വരുത്തി. ചിതയെരിഞ്ഞമർന്നപ്പോൾ ഞങ്ങളിൽ ചിലർ വിനുവിന്റെ വീടിനു തൊട്ടുള്ള, വായനശാലയുടെ ഓരത്തേക്കു നീങ്ങി,കുറച്ച് നേരം ഒന്ന് മാറിയിരിക്കാമെന്ന ചിന്തയോടെ. അവിടെ അപ്പോൾ കുമാരേട്ടനുണ്ടായിരുന്നു.പിന്നേയും ഒന്നുരണ്ടുപേരുണ്ടായിരുന്നു. അന്ന് അതുവരേയും ഞങ്ങൾ കണ്ട കുമാരേട്ടനല്ലായിരുന്നു അത്.

കുമാരേട്ടന്റെ കണ്ണിൽ വെള്ളം നിറഞ്ഞിട്ടുണ്ടായിരുന്നു.ഞങ്ങളെ കണ്ടപ്പോൾ

കഴിഞ്ഞു, ല്ലേ മക്കളേ.. എന്ന് കുമാരേട്ടൻ ചോദിച്ചു. കുറച്ച് നേരത്തെ മൗനത്തിനുശേഷം എന്നാലും ന്റെ ശങ്കുണ്ണ്യേ... ഞങ്ങളൊക്കെ ഇവടെ ഉള്ളപ്പോ.. നെനക്കാണല്ലോ പോകാൻള്ള യോഗം... എന്നായി. അടുത്തിരുന്ന ആരോ കുമാരേട്ടന്റെ കൈപിടിച്ചമർത്തി കുമാരേട്ടൻ വീട്ടില് പോയ്യേ. കുട്ട്യോളെപോലെ ഇവടെ ഇരുന്ന് കരയാൻ നിക്കണേ... അയാള് ശാസിച്ചു.

കുമാരേട്ടൻ എഴുന്നേറ്റു.

ജീവിതത്തിന്റെ ദ്രുതതാളം കൊട്ടി എങ്ങോ തൊഴിൽ ചെയ്ത് ജീവിക്കുമ്പോൾ വർഷത്തിലൊരിക്കലെ അവധികൾ ഇതുപോലെയുള്ളവരെ കാണുവാനാകുന്നതുകൊണ്ട് സമ്പന്നമാണ്. അങ്ങിനെ ദാസേട്ടന്റെ ചായക്കടയുടെ മുന്നിൽ വച്ച് വല്ലപ്പോഴും കാണുമ്പോൾ കുമാരേട്ടൻ

സുഖല്ലേ കുട്ട്യേ... എന്നാ വന്നേ... എത്ര ദിവസംണ്ട്...എന്നിങ്ങനെയുള്ള കുശലങ്ങൾ ചോദിക്കുമായിരുന്ന ആ നാളുകൾ .....

കാലമേറെയായിരിക്കുന്നു...

പുറത്ത്കാളവണ്ടിയുടെ ശബ്ദം കേൾക്കുന്നതുപോലെ......



*എം. ജി. സുരേഷ്*

*തൃശൂർ ജില്ലയിൽ കുന്നംകുളത്തിനടുത്ത് പുതുശ്ശേരി എന്ന ഗ്രാമത്തിൽ ജനനം. ആറ് പുസ്തകങ്ങൾ മലയളത്തിലേക്ക് വിവർത്തനം ചെയ്തു. കുട്ടികൾക്കായി ഇംഗ്ലീഷിൽ രണ്ട് പുസ്തകങ്ങൾപ്രസിദ്ധീകരിച്ചു. ആനുകാലികങ്ങളിൽ, കഥകളും, ലേഖനങ്ങളും വിവർത്തനങ്ങളും പ്രസിദ്ധീകരിക്കാറുണ്ട്. ഇപ്പോൾകൊച്ചിയിൽസ്ഥിരതാമസം.*

*ഫോൺ : 9946915277*

# കപ്പ് ഒരുക്കുന്നവരും കപ്പുയർത്തുന്നവരും

**മമ്മദ്**

1988 ൽ ഇന്ത്യയിൽ ഹിമാലയൻ താഴ്വരയിലെവിടെയോ ഉള്ള ഒരു ടിബറ്റൻ ബുദ്ധസന്യാസി മഠത്തിനകത്താണ് കപ്പ് (Phorpa-The Cup) എന്ന ഭൂട്ടാൻ സിനിമയുടെ ഭൂമിക. ആചാരങ്ങളുടെ കാർക്കശ്യം കൊണ്ടും മതവിധികളുടെ മുദ്രകൾ കൊണ്ടും മന്ത്രോച്ചാരണങ്ങൾ കൊണ്ടും ചുറ്റുമതിലിട്ടതാണ് മഠത്തിലെ അന്തരീക്ഷം. സംഘപ്രാർത്ഥനകൾക്കിടയിലെ കൗമാരകുസൃതികളും അന്തേവാസികളുടെ പ്രായാനുസൃതമായ ചില കുട്ടിക്കളികളും സിനിമാന്തരീക്ഷത്തെ ചടുലമാക്കുന്നുണ്ട്. ഇവയ്ക്കുപരി വിഹാരത്തിനകത്തെ സന്യാസവിരാഗഭാവത്തെ ചലനാത്മകമാക്കുന്നത് ഒഴിവുവേളകൾക്കിടയിൽ പൊടുന്നനെ പൊട്ടിമുളക്കുന്ന ഒഴിഞ്ഞ കൊക്കോകോള കാൻ ഉപയോഗിച്ചുള്ള കാൽപ്പന്തു കളിയാണ്.

മഠത്തിലെ അന്തേവാസികൾക്കിടയിൽ ഫുട്ബോൾ ഭ്രാന്ത് ഏറ്റവും കൂടുതലുള്ളത് ഓജിൻ എന്ന കൗമാരക്കാരനാണ്. പ്രഭാത പ്രാർത്ഥനക്കിടയിൽ അവൻ അടുത്തുള്ളവരിലേക്ക് ഈ ആവേശം പതിയെ പകരാറുമുണ്ട്. ഒന്നുരണ്ടു തവണ അവനും സുഹൃത്തുക്കൾക്കും ഇതിനുള്ള ശിക്ഷണ നടപടിയെന്നോണം അടുക്കളയിലും മറ്റും അധികച്ചുമതലകളും ലഭിച്ചിട്ടുണ്ട്. പക്ഷേ ഇതിന്റെയൊന്നും ഗൗരവം ഏശാനാവാത്തയത്ര ഓമനത്തമുള്ളതാണ് അവന്റെ പ്രകൃതം. ഇതുകൊണ്ടൊന്നും ഒടുങ്ങാത്തതാണ് അവന്റെ കളിപ്രേമവും. കിരീടം ധരിക്കുക, അസ്വസ്ഥതകൾ വരിക്കുക എന്ന ഷേക്സ്പിയറിന്റെ ഹെൻട്രി നാലാമനിലെ അർത്ഥ സമ്പുഷ്ടമായ ഉദ്ധരണിയാണ് ഭൂട്ടാൻ സംവിധായകനും ബുദ്ധസന്യാസിയുമായ ഖ്യെന്റ്സെ നോർബു സംവിധാനം ചെയ്ത സിനിമയിലെ നായകനായ ഈ കുട്ടി നമ്മെ ഉണർത്തുന്നത്. ലോകകപ്പ് ഫുട്ബോൾ മത്സരം കാണാനുള്ള അവന്റെ ഉദ്യമവും അതിലെ പെടാപാടുകളും വെല്ലുവിളികളും സിനിമ വരച്ചിടുന്നു.

ആയിടെ നടക്കുന്ന ലോകകപ്പ് ഫുട്ബോൾ വാർത്തകൾ പുറത്ത് കടയിലും മറ്റും പോയിവരുന്ന മുറയ്ക്ക് ഓജിൻ മഠത്തിനകത്ത് എത്തിക്കുന്നുണ്ട്. ഫുട്ബോളും ഇതര കളികളും കേട്ടുകേൾവി പോലുമില്ലാത്ത ആ ദേശത്ത് ഓജിന്റെ കളിഭ്രാന്ത് പതിയെ നീറിപ്പരക്കുന്നതും ആളിപ്പടർന്നുകേറുന്നതും അന്തേവാസികളിൽ ചിലരെങ്കിലും ലോകകപ്പ് വാർത്തകളിൽ ക്രമേണ കുതുകികളാവുന്നതും നാം കാണുന്നു. കളികാണാനുള്ള കൊതിമൂത്ത് ഈ ചെറു സംഘം രാത്രികളിൽ മഠത്തിനു പുറത്തുകടന്ന് ടിക്കറ്റിൽ കളികാണിക്കുന്ന ഒരിടത്തു പോവുന്നുണ്ട്. കളിക്കിടയിലെ ആവേശത്തള്ളിച്ച അവിടെയുള്ള മറ്റ് കാണികളുമായി കയ്യാങ്കളിയോളം വളരുന്നുണ്ട്. ഒരിക്കൽ, ഈ രാത്രിസഞ്ചാരത്തിനു ശ്രമിക്കവേ സംഘം പിടിക്കപ്പെടുന്നു. ഇതവരുടെ സാഹസത്തിന് ഇരുൾ വീഴ്ത്തുന്നു.

കളിക്കമ്പം മൂത്ത് മഠത്തിനകത്തെ അവധൂത സ്വഭാവക്കാരനായ ഭിക്ഷുവിനോട് സെമിഫൈനലിന്റെ ഫലം പ്രവചിച്ചറിയാൻ ഓജിനും സംഘവും എത്തുന്നു. പിന്നീട് കടുത്ത യജ്ഞങ്ങൾക്കൊടുവിൽ മഠത്തിനകത്ത് വേൾഡ്കപ് മൽസരത്തിന്റെ ടിവി പ്രദർശനം സംഘടിപ്പിക്കുമ്പോഴാകട്ടെ അവനാ മൽസരം കാണാനോ അതാസ്വദിക്കാനോ ആവുന്നില്ല. അതേവരെയില്ലാത്ത പുതിയ വെല്ലുവിളികൾ അവനെ കാത്തിരിക്കുന്നുണ്ട്. സംഘാടനത്തിന്റെ വഴുവഴുപ്പുള്ള ടൈറ്റ്റോപ് ബാലൻസിങ്ങിൽ അവനെത്തന്നെ തെന്നുന്നുണ്ട്.

തുടർന്ന് നടക്കുന്ന രണ്ട് കാര്യങ്ങൾ ഓജിൻ എന്ന സന്യാസിബാലന്റെ സംഘാടന മിടുക്കിനുള്ള സാക്ഷ്യപത്രങ്ങളാവുന്നു. വിഹാരത്തിനകത്ത് ഒരു ടി.വി. വാടകക്കെടുത്ത് ലോകകപ്പ് ഫൈനൽ കളികാണാനുള്ള തീരുമാനമെടുക്കലും അതിനുള്ള സമ്മതം മഠാധിപതിയെക്കൊണ്ട് അംഗീകരിപ്പിക്കലുമാണ് ഒന്നാമത്തേത്. ടി.വി. തന്നേയും അത്യപൂർവ വസ്തുവായ ഒരുകാലത്തും ദേശത്തും അതു സംഘടിപ്പിക്കലും വിജയകരമായി പ്രദർശനം നടത്തലുമാണ് രണ്ടാമത്തേത്. ഒന്നാമത്തെ ലക്ഷ്യപ്രാപ്തിക്കായി അവൻ സമീപിക്കുന്നത് ഗെക്കോ എന്ന മഠത്തിലെ പ്രധാനഗുരുവിനെയാണ്. അദ്ദേഹം മഠാധിപതിയുടെ മനസ്സാക്ഷി സൂക്ഷിപ്പുകാരനും വലംകയ്യുമാണ്.

മണിക്കൂറുകൾ നീണ്ട കാത്തിരിപ്പിനൊടുവിൽ ഉപാധികളോടെ അവർ സമ്മതം നേടിയെടുക്കുന്നു. ടി.വി. വാടക കണ്ടത്തേണ്ട ചുമതല സ്വാഭാവികമായും ഓജിന്റെ ചുമലിൽ തന്നെ. അന്തേവാസികളുടെ ദാരിദ്ര്യം പുരണ്ട തുട്ടുകളിലൂടെ അവനും സംഘവും വാടകയായ ഇരുനൂറ്റമ്പതു രൂപ സ്വരൂപിക്കുമ്പോഴേക്കും ടിബറ്റൻ ലാമമാരുടെ ഇന്ത്യൻ അവസ്ഥ കാണിയെ നോവിക്കുംവിധം സിനിമ സൂചിപ്പിക്കുന്നുണ്ട്. പിന്നീട് ടി.വി. സംഘടിപ്പിക്കുവാനുള്ള നെട്ടോട്ടമാണ്. വൈകിയ വേളയിൽ വാടകക്കാരന്റെ കടയിലെത്തുമ്പോഴേക്കും അയാൾ ലോകകപ്പ് ഫൈനൽ പ്രമാണിച്ച് വാടക വർദ്ധിപ്പിക്കുന്നു. അന്നത്തെ സ്പെഷ്യൽവാടക മുന്നൂറ്റമ്പത് രൂപയാണെന്ന കച്ചവടക്കണ്ണിനു മുമ്പിൽ അവൻ പ്രാണൻ തളർന്നിരിക്കുന്നു.


പക്ഷേ, ഈ ലോകകപ്പ്ഫൈനൽ കാണാതെ താനില്ല എന്ന നിശ്ചയദാർഢ്യത്തിൽ അവൻ

*ചതുപ്പുകളിൽ പൂമേടു തീർക്കാനുള്ള സ്വപ്നവും യത്നവും പ്രമേയമായ കപ്പ് (Phorpa-The Cup) എന്ന ഭൂട്ടാൻ സിനിമ ലോകത്തിന്റെ നോവുകൾക്കാകെയും ഒടുവിൽ പരിഹാരം നിർദ്ദേശിക്കുന്നുണ്ട്...*

പുനർജ്ജനിക്കുന്നു. സ്തംഭിച്ചിരിക്കുന്ന അവനൊരു ആശയം തോന്നി; എന്തെങ്കിലും പണയം വച്ചാലോ എന്ന്. അതിനായി അവനും സംഘവും മഠത്തിലെ പുതിയ അന്തേവാസിയായ നയീമയെ സമീപിക്കുന്നു. നാടും വീടും അമ്മയും അഭയവുമെല്ലാമായ ഒരു ഇലക്ട്രോണിക് വാച്ചുണ്ടവന്റെ കയ്യിൽ. അവന് ജീവനോളം പ്രിയപ്പെട്ടത്. ടിബറ്റ് വിട്ടുപോരുമ്പോൾ അമ്മ കൊടുത്തതാണത്. വീടിനെ സംബന്ധിക്കുന്ന തുടിക്കുന്ന ഒരോർമ്മ. നാടുകടത്തലിന്റെ വീർപ്പുമുട്ടലിൽ അനാഥനെ സനാഥമാക്കുന്ന ഒന്ന്.

നയീമയുടെ വാച്ച് അടുത്ത ദിവസം തന്നെ തിരിച്ചു നല്കാമെന്ന് അവനുകൊടുക്കുന്ന ഉറപ്പിന്മേൽ അതു പണയം വെച്ച് എത്രയും പെട്ടെന്ന് പണം കടക്കാരന് എത്തിക്കുമെന്ന ഗ്യാരണ്ടിയിൽ അവർ ടി.വി യുമായി മടങ്ങുന്നു. അടുത്ത ദിവസം രാവിലെ കാശുമായി എത്തിയില്ലെങ്കിൽ ആ വാച്ച് വിറ്റു കളയുമെന്ന് കടക്കാരൻ ഭീഷണി മുഴക്കുന്നു. ഫിറ്റിങ്ങ് ചാർജായി അമ്പതു രൂപ കൂടി കടക്കാരൻ ആവശ്യപ്പെട്ടതിനാൽ അത് ഫിക്സ് ചെയ്യാനുള്ള ഉത്തരവാദിത്തം ഓജിൻ സ്വയം ഏറ്റെടുക്കുന്നു.

ഡിഷ് ആന്റിനയുടെ ബഹളമയമായ സ്ഥാപനശേഷം മഠം ഒരുമിച്ചിരുന്നു കളികാണുന്ന ഉത്സവാന്തരീക്ഷത്തിലേക്ക് വിടരുന്നു. കളി കാണുന്നതിനിടെ നയീമയുടെ വിഷാദത്തിൽ ചാലിച്ച മുഖം ഓജിന്റെ ആസ്വാദനത്തെയൊന്നാകെ ഉടക്കിവലിക്കുന്നു. അമ്മയില്ലാത്ത അനാഥന്റെ അവസാനത്തെ അത്താണിയെ താൻ തകർത്തോ എന്ന് ഓജിൻ അസ്വസ്ഥനാവുന്നു. പണയംവച്ച വാച്ച് തിരിച്ചെടുക്കാൻ മാർഗമെന്ത് എന്നാലോചിക്കാൻ തുടങ്ങുന്നതോടെ കളിയവന് കാര്യമായി മാറുന്നു. മഠം മുഴുക്കെ കളിയിൽ മുഴുകാൻ തുടങ്ങുമ്പോൾ അവൻ വേവുന്ന ഉള്ളവുമായി പുറത്തെ നിലാവിലേക്കിറങ്ങുന്നു. എന്തുചെയ്യണം എന്നറിയാതെ പുൽത്തകിടിയിലൂടെ ഉലാത്തുമ്പോൾ മുകളിൽ സ്ഥാപിച്ച ഡിഷിനരികെ നിൽക്കുന്ന ഭിക്ഷുവിനെ കാണുന്നു. മേല്ക്കൂരയിൽവെച്ച കൗതുകവസ്തുവിനെ അടുത്തു കാണാൻ കേറിയതാണയാൾ. അപ്പോഴും ഓജിന്റെയുള്ളിലെ സംഘാടകൻ ഉണർന്നെഴുന്നേറ്റ് നിങ്ങൾക്ക് കളികാണണ്ടേ, അവിടെ നിന്നാൽ അതു കാണാമോ എന്നുചോദിക്കുന്നുണ്ട്. അതിനു ഭിക്ഷു തിരിച്ചുചോദിക്കുന്ന ചോദ്യം, നിനക്കവിടെ നിന്നാൽ കളി കാണാനാവുമോ എന്നാണ്. ഉണ്ടെന്നോ




ഇല്ലെന്നോ അവൻ ഉത്തരം പറയുന്നില്ല. സംഘാടനഭാഗമായി താൻ തന്നെ തീർത്ത ഊരാക്കുടുക്കുകൾ അവനെ വരിഞ്ഞുമുറുക്കുന്നുണ്ട്. തുഴക്കാരനില്ലാത്ത തോണിയെപ്പോലെ നിമിഷങ്ങളുടെ പ്രതലത്തിൽ അവൻ പൊങ്ങിപ്പരക്കുന്നുണ്ട്. അലക്ഷ്യം ഒഴുകുന്നുണ്ട്. പിന്നീടെപ്പോഴോ മുറിയിലെത്തി ഇനിയും തന്റെ കയ്യിൽ ഊടുവെക്കാൻ എന്തെങ്കിലുമുണ്ടോ എന്ന് നിസ്സഹായം പരതുന്നുണ്ട്.

ചതുപ്പുകളിൽ പൂമേടു തീർക്കാനുള്ള സ്വപ്നവും യത്നവും തന്നെയാണല്ലോ സംഘാടനം, എക്കാലത്തും. ആത്മാവിനു കളിപിടിച്ച ഈ സന്യാസിപ്പയ്യന്റെ നൊമ്പരങ്ങൾ മാത്രമല്ല ലോകത്തിന്റെ നോവുകൾക്കാകെയും സിനിമ ഒടുവിൽ പരിഹാരം നിർദ്ദേശിക്കുന്നുണ്ട്. തികഞ്ഞ സെൻബുദ്ധിസ്റ്റ് ഉത്തരം. എങ്കിലും സ്വപ്നസാക്ഷാൽക്കാര യജ്ഞത്തിന്റെ മൂർദ്ധന്യത്തിൽ ഏകനായലയേണ്ടിവരുന്ന ഈ കുട്ടിയുടെ വേദനയിൽ പൊതിഞ്ഞ മുഖം സംഘാടനത്തിന്റെ പൊള്ളിക്കുന്ന നിമിഷങ്ങളിലൂടെ കടന്നുപോയ ഏതൊരാൾക്കും മറക്കാനാവില്ല തന്നെ, തീർച്ച.

*മമ്മദ് 9495511377*

# തഞ്ചാവൂരിലെ ഉദയങ്ങൾ

**എം.പി. പ്രതീഷ്**

ഒരു ഗ്രീഷ്മത്തിലാണ്, കിഴക്കോട്ടുള്ള തീവണ്ടിയിൽ ഏറെ നേരത്തെ യാത്രയ്ക്കു ശേഷം അവിടമെത്തിച്ചേർന്നത്. പുലർകാലമാവാൻ ഇനിയും സമയമുണ്ടായിരുന്നു. ഒഴിഞ്ഞ സ്റ്റേഷനിലെ തണുത്ത പടികളിൻമേൽ ഞങ്ങൾ കിടന്നുമയങ്ങി. തഞ്ചാവൂരിന്റെ ഓരങ്ങളിലൂടെ കാവേരി അദൃശ്യമായി ഒഴുകുന്നു. വയലുകൾക്കും തോപ്പുകൾക്കുമിടയിലെ ഈ പട്ടണം പക്ഷേ തിരക്കുള്ള, പുതുമയുള്ള, പൊടിപടലങ്ങൾ നിറഞ്ഞ ഒന്നാണ്. അതിന്റെ നഗരശരീരത്തിനകത്തെങ്ങോ ചോഴകാലത്തിന്റെ ഓർമ്മയുണ്ട്. നേർത്തു തീരുന്ന ഇരുട്ടിലൂടെ ഞങ്ങൾ ഇറങ്ങിനടന്നു. ഒഴിഞ്ഞ നിരത്തുകൾ. ഒന്നോ രണ്ടോ പൂക്കച്ചവടക്കാർ, ചായക്കടകൾ. പ്രഭാതസവാരിക്കാരില്ലാത്ത നിരത്തിനിരുവശവും വേപ്പുമരങ്ങളുടെ തണലുകൾ. ഒരു ചെറുനടത്തത്തിനൊടുവിൽ താഞ്ചിപ്പെരിയകോവിലിനു മുമ്പിലെത്തുമ്പോൾ വെളിച്ചം വന്നു തുടങ്ങുന്നേയുണ്ടായിരുന്നുള്ളൂ. ഒരു വലിയ കിടങ്ങ്. കോട്ടമതിൽ. വലിയ കവാടം. ആ ദിനത്തിലെ ആദ്യ സന്ദർശകർ ഞങ്ങളാവണം. വൈദ്യുതവിളക്കുകൾ അപ്പോഴും പ്രകാശിച്ചിരുന്നു. ഒരു പക്ഷിക്കരച്ചിലിന്റെ മുഴക്കത്തിലേക്ക് ഞങ്ങൾ ചെവിയോർത്തു. ഏതായിരിക്കും ആ പക്ഷികൾ? വഴിയും പുല്ലുവിരിച്ച ഇടങ്ങളും കടന്ന് ബൃഹദ്ദീശ്വരന്റെ മുറ്റത്തെത്തുമ്പോൾ കണ്ടത് മയിലുകളുടെ ചിറകുകൾ. അവയുടെ, പരിചിതമെങ്കിലും മറന്നുപോയ ശബ്ദം. ശില്പങ്ങൾ കൊണ്ട് എഴുതിയ ഈയിടത്തിന്റെ ഉടലുകളിലെല്ലാം ജീവന്റെ മിടിപ്പുകളുണ്ട്. മയിലുകൾ ഏറ്റവും ഉയരെയുള്ള ശിലാതലത്തിൽ പോലും കയറിച്ചെല്ലുന്നു. നൃത്തത്തിന്റെ, ഒരു തുടർച്ച പോലെ അവയുടെ ശരീരം ഉദയത്തിലെ ആദ്യനിമിഷങ്ങളായിരുന്നു. പ്രകാശത്തിന്റെ ഒരു കടലിലേക്ക് ഞങ്ങൾ ഇറങ്ങിയിരിക്കുന്നു. വെളിച്ചത്തിന്റെ ആദിമമായൊരു ആവർത്തനത്തിൽ ധ്യാനത്തിന്റെ ശാഖകളുണ്ടായിരിക്കണം. മയിലുകളുടെ നീല ഹരിതനിറവും തവിട്ടുചായം പൂശിയ ശില്പകാലങ്ങളും ചേർന്ന് മറ്റൊരു ലോകത്തെ വരക്കുകയായിരുന്നു. ആളുകൾ എത്തിത്തുടങ്ങിയിട്ടില്ല. പഴക്കമേറെയുള്ള ഒരു ശൂന്യത, പൗരാണികമായൊരു വിജനത അവിടെയുണ്ട്. ക്ഷേത്രത്തിനകത്തെ മണിനാദവും ഗായകന്റെ ഭജനയും മയിൽക്കരച്ചിലുകളും മാത്രം. നടക്കുന്നിടത്തെല്ലാം, ശിലകളിൽ തമിഴ്മൊഴിയഴക്. വടിവൊത്ത ലിപികൾ. സൂര്യപ്രകാശം മുഴുവനും ബൃഹദ്ദീശ്വരന്റെ പ്രതിഷ്ഠയിലേക്കു പോലും എത്തിച്ചേരുന്ന വിധം സൂക്ഷ്മമാണ് ഈ വാസ്തു. എവിടെയും നിറയുന്ന കാറ്റ്. പ്രകാശം. അവിടെയെത്തുമ്പോൾ, വിശ്വാസിയല്ലാതിരുന്നിട്ടും ഞങ്ങൾ പ്രാർത്ഥിച്ചുപോവുന്നു. അജ്ഞാതനായ ഒരു പ്രവാഹത്തിന്റെ ജീവനുമുമ്പിലെന്നോണം. തണുപ്പേറിയ കരിങ്കൽപ്പടവുകളിൽ അല്പനേരമിരുന്നു. വീശിയടിക്കുന്ന കാറ്റിൽ വസ്ത്രത്തലപ്പുകൾ ഉണർത്തുന്ന ശബ്ദം മാത്രം. വറ്റിത്തുടങ്ങിയ കാവേരിയുടെ ഭൂതകാലപ്പെരുമക്കും വയൽഗ്രാമങ്ങളുടെ സമൃദ്ധിക്കുമിപ്പുറം തകർക്കപ്പെട്ട, അപൂർണ്ണമായ ഒരു ചേതനയാണ് ഈ ക്ഷേത്രസമുച്ചയത്തിന്റേത്. ആയിരം വർഷത്തിനിപ്പുറം ബാക്കിയാവുന്ന മൗനം, നിശ്ശബ്ദത, പ്രകാശം, കാറ്റ് ഒക്കെയാവണം ഓരോ മനുഷ്യരെയും തഞ്ചാവൂരിലെത്തിക്കുന്നത്. മനുഷ്യരുടെ അസാന്നിധ്യമാവാം ഈ സ്വച്ഛന്ദതയുടെ കാരണം. ഒപ്പം പ്രാവുകളും അണ്ണാറക്കണ്ണനും തത്തകളും മയിൽക്കൂട്ടവും പേരറിയാത്ത അനേകമനേകം നിറപ്പറവകളും വേപ്പുമരങ്ങളും ചേർന്നു നിർമ്മിക്കുന്ന ജൈവതയും. മറ്റൊരു തമിഴകക്കോയിലിലും സാധ്യമല്ലാത്തവിധം അല്പമെങ്കിലും അസ്വസ്ഥത നിറഞ്ഞ യാത്രയുടെ കലർപ്പുകൾ മുഴുവൻ മാഞ്ഞുപോയിരിക്കുന്നു, ഈ പ്രകാശത്തിൽ നിൽക്കുമ്പോൾ. ഉയരംകൊണ്ടോ, ശില്പകലയുടെ തികവുകൊണ്ടോ, ഭക്തരുടെ പ്രവാഹം കൊണ്ടോ അല്ല, തഞ്ചാവൂരിലെ ഈ വാസ്തുശില്പം പ്രസക്തമാവുന്നത്. മനുഷ്യരുടെ അടിത്തട്ടിലെ നേർത്ത മൗനത്തെപ്പോലും ഉയിർപ്പിക്കുന്ന, പ്രകൃതിയുടെ ഛായകളിലും ഒഴുക്കിലും ലയിക്കുന്ന ലളിതവും വിസ്തൃതവുമായ വാസ്തുവാണ്, ജീവന്റെ വിതാനങ്ങളാണ് തിരിച്ചുപോരുമ്പോഴും ഉള്ളിലുണ്ടാവുക.

*എം.പി. പ്രതീഷ്*

*9400265323*




കാർട്ടൂൺ കോർണർ/ പൊന്നപ്പ



# കുളിര്

അപ്പു മുട്ടറ

വനികൾ പലതുണ്ടെങ്കിലും ഇക്കാലത്ത് ആർക്കും കുളിരില്ല. പണ്ടൊക്കെ മഞ്ഞും കുളിരും എല്ലായിടങ്ങളിലുമുണ്ടായിരുന്നു. വൃശ്ചികപ്പുലരി തൊട്ട് മകരസന്ധ്യകൾ വരെ കുളിരോടു കുളിരായിരുന്നു. ഇതെഴുതുന്നയാൾക്ക് പ്രായക്കൂടുതലുള്ളതിനാലാവാം ഈ പഴഞ്ചൻ കുളിര് വിഷയമാക്കിയത്. തലമുറകളുടെ റിലേപ്പാച്ചിലിനിടയിൽ പഴമയുടെ ഒരു ബാറ്റൺ കൈമാറ്റമെന്നു കരുതിയാൽ മതി.

സ്വാതന്ത്ര്യലബ്ധിക്കുശേഷമുള്ള ഒന്നുരണ്ടു ദശകങ്ങൾ. വൃശ്ചികം പുലർന്നാൽ കാറ്റായി, കാറ്റിനോ.... നല്ല കുളിരും. കുളിരിന് നല്ല വെളുത്ത നിറമായിരുന്നു. സ്വരമാണെങ്കിൽ മേൽപ്പല്ലുകളും കീഴ്പ്പല്ലുകളും കൂട്ടിമുട്ടുന്ന മർമ്മരവും.

ഹിന്ദുഭവനങ്ങളിൽ അതിവെളുപ്പിനു തന്നെ കിഴക്കേ വരാന്തയിൽ പിലാപ്പലകയിൽ പൂക്കണിയൊരുക്കുന്ന ഒരു ചടങ്ങുണ്ടായിരുന്നു. അർക്കാരാധനയുടെ ഭാഗമായിരുന്നുവെന്നാണ് തോന്നുന്നത്. ഓലമെടഞ്ഞുണ്ടാക്കിയ കൊച്ചു പൂക്കൂടകളുമായി അരണ്ട പുലർവെട്ടത്തിലേക്കിറങ്ങുകയായി ഞങ്ങൾ കുട്ടികൾ. കുന്നിൻ ചെരിവുകൾ, ചോലച്ചെന്നികൾ, വയൽവരമ്പുകൾ തുടങ്ങി ദുർഘടം പിടിച്ച ഏതിടങ്ങളിലും ഞങ്ങളെ കാത്തു വിരിഞ്ഞുലഞ്ഞു നിൽക്കുന്ന ഒത്തിരപ്പൂക്കളുണ്ടാവും- തെച്ചി, ചെമ്പരത്തി, കാളപ്പൂ, കാക്കപ്പൂ, കലമ്പോട്ടി, ശംഖുപുഷ്പം, തുമ്പയും തൊട്ടാവാടിയും പിന്നെ വയൽപ്പൂക്കളും. തോട്ടിറമ്പുകളിൽ കൈതപ്പൂവിന്റെ മണമുണ്ടാവും. വഴിത്തിരിവുകളിലും വേലിപ്പടർപ്പുകളിലും മറ്റും നാണിച്ചു തലകുനിച്ചങ്ങനെ നിൽക്കുന്ന പൂക്കളുടെ താടിത്തുഞ്ചങ്ങളിൽ കുളിരിന്റെ കണ്ണാടിക്കുണുക്കുകൾ പതുപതുക്കനെ തൂങ്ങിയാടുന്നുണ്ടാവും. ചിലപ്പോൾ ഞങ്ങൾ കൈനീട്ടി ആ കുളിർത്തൊങ്ങലുകളിൽ തൊടും. അവ അനുസരണയോടെ വിരൽത്തുമ്പുകളിലേക്ക് ഉറ്റിയിറങ്ങും. അപ്പോൾ കുളിർന്നിട്ട് ഹായ്! എന്ന് അറിയാതങ്ങു പറഞ്ഞുപോകും. എന്നിട്ടാ കുളിർക്കണം ചുണ്ടത്തു ചേർത്ത് ഊറിക്കുടിക്കും.

അമ്മ തലയിൽ മുറുക്കിക്കെട്ടിത്തരുന്ന തോർത്ത് അഴിഞ്ഞുപോകാറില്ല. പോയാൽ തണുത്തുവിറച്ച് പനിപിടിക്കും. മഞ്ഞിന്റെ ആശ്ലേഷത്തിൽ ഞങ്ങൾ കൊച്ചുകുട്ടികൾ കിടുകിടാ വിറച്ചുകൊണ്ട് പൂപറിക്കും. വർത്തമാനം പറയുമ്പോൾ വായിൽ നിന്നും, ശ്വാസം വിടുമ്പോൾ മൂക്കിൽ നിന്നും ബീഡിപ്പുക മാതിരി മഞ്ഞിന്റെ വെളുപ്പ് പുറത്തേക്ക് ഒഴുകിപ്പോകുന്നതു നോക്കി ഞങ്ങൾ കൗതുകം കൊള്ളും. ഈ കുളിരിൽ ഞങ്ങളുടെ ദേഹമാസകലം താമരമുള്ളുകൾ വിരിഞ്ഞിരിക്കും.

അന്ന് കുട്ടികൾ ചെരിപ്പിട്ടിരുന്നില്ല. ചെരിപ്പ് ഒരു ആർഭാട ചിഹ്നമായിരുന്നു. കല്ലും കുണ്ടും ചെളിയും ചവിട്ടി, പ്രകൃതിയുടെ മടിത്തട്ടിൽ ഞങ്ങൾ പുലർന്നു. അവർ ഞങ്ങളുടെ ആയുർരേഖയിൽ വാത്സല്യപൂർവ്വം തലോടിക്കൊണ്ടിരുന്നു.

ഞാൻ മുമ്പേ... ഞാൻ മുമ്പേ... എന്ന് മത്സരിച്ചു പൂവിറുത്തു കൂട നിറയ്ക്കാൻ എന്തുത്സാഹമായിരുന്നു! പുലർമഞ്ഞിന്റെ ശരമുന തറഞ്ഞ് കോച്ചിവിറയ്ക്കുന്നതിനിടയിൽ ചില പൈതങ്ങൾ കല്ലിൽ കാൽ തട്ടിയോ, വള്ളിയിൽ കുരുങ്ങിയോ, ചവുട്ടിയ മണ്ണിടിഞ്ഞോ ചക്കടപൊത്തോ എന്നു കമഴ്ന്നുവീഴാറുണ്ടായിരുന്നു. പൂവും പൂക്കൂടയും തെറിച്ചുപോയിരുന്നു. പലപ്പോഴും അത് വീണ്ടെടുക്കാനാവില്ല. പോയാൽ പോയി. എങ്കിലും കുഴപ്പമില്ല. കൂട്ടുകാർ വട്ടയിലക്കുമ്പിളിൽ ഓരോ പങ്ക് പകർന്നുതരും.(സോഷ്യലിസമോ, സർവ്വോദയമോ!)

ചിലപ്പോൾ കട്ടാരമുള്ളോ, മുള്ളമുള്ളോ തറഞ്ഞുകയറിയ കാൽ നിലത്തൂന്നാനാവാതെ ചിലർ മടങ്ങിയെത്തും. അച്ഛനോ ഏട്ടനോ പേനാക്കത്തിച്ചുണ്ടു കൊണ്ട് കുത്തിത്തോണ്ടി മുള്ളെടുക്കും. ചോര വന്നാൽ അകത്തിനി മുള്ളിന്റെ അംശമില്ല. ഇനിയാണ് ചികിത്സ. പാലച്ചെടിത്തലപ്പൊടിച്ച് പാൽക്കറ മുറിവിനുള്ളിലേക്ക് ഇറ്റിക്കുന്നു. എന്നിട്ടൊരു തീക്കനൽ- ചിലപ്പോൾ ബീഡിക്കനൽ- മുറിവിനടുത്തു പിടിച്ച് ചൂടു നൽകുന്നു. നടുങ്ങിപ്പിടഞ്ഞിട്ടുണ്ട് ഞാനും.

കാലത്തിനു കാലിടറിയപ്പോൾ മാഞ്ഞുമറഞ്ഞത് മഞ്ഞും കുളിരുമാണ്. വയൽപ്പുല്ലുകളുടെ ചുണ്ടറ്റങ്ങളിൽ ആദിത്യസ്മേരത്തിന്റെ അനന്തകോടികളായി കുണുങ്ങിത്തൂങ്ങി നിന്നിരുന്ന ശീതശീകരങ്ങളെ തഴുകിയൊഴുകി, തൊടിയിലും തോപ്പിലും തിരനോട്ടം നടത്തിയിരുന്ന മന്ദമാരുതനും ഓർമ്മയായി.

താക്കോൽ കൊടുക്കാതെ... താനേ മുഴങ്ങിയിരുന്ന അലാറം കേട്ട് ഞങ്ങളുടെ പ്രഭാതങ്ങൾ ചലിക്കാൻ തുടങ്ങി. വീട്ടുമൂപ്പൻമാർ കമ്പിളിയോ, കോട്ടൻഷാളോ ചുടി ഊടുവഴിയും ഇടവഴിയും താണ്ടി നാടൻ ചായപ്പീടിക മുറ്റത്തെത്തി. ഒരു പിടി ചപ്പോ, ഉണക്കക്കരിയിലയോ കൂടി കരുതിയിട്ടുണ്ടാവും കയ്യിൽ. പീടികമുറ്റത്ത് ചവറിട്ട് തീ കത്തിച്ചിട്ട് വൃദ്ധസഖാക്കൾ അതിനെ വലയം ചെയ്ത് നിലത്തു ചന്തിയൂന്നിയിരിക്കുന്നു. ചായയും ബീഡിയും സ്ഥലത്തെത്തുന്നു. ചപ്പ് കത്തിത്തീരുന്നു മുറയ്ക്ക് ഓരോരുത്തർ അവരുടെ പങ്ക് സമർപ്പിച്ച് ഹോമാഗ്നിയെ നില നിർത്തുന്നു. കുശലപ്രശ്നങ്ങൾ, തർക്കങ്ങൾ, രാഷ്ട്രീയ ചർച്ചകൾ തുടങ്ങി മക്കളുടെ സംബന്ധാലോചനകൾ വരെ ഈ വെട്ടവട്ടത്തിൽ സജീവമാണ്. കാല്പാദങ്ങളും കൈപ്പത്തികളും തീജ്വാലയുടെയടുത്തേക്ക് നീട്ടിപ്പിടിച്ച് എല്ലാവരും കുളിരാറ്റിക്കൊണ്ടിരിക്കും. ഇതിനിടയിലൂടെയാണ് നാട്ടുകൂട്ടായ്മയുടെ കരുത്തും കാരുണ്യവും കതിരിട്ടുവിലസുന്നത്. ഒരുപക്ഷേ മഞ്ഞില്ലായിരുന്നെങ്കിൽ, കുളിരില്ലായിരുന്നെങ്കിൽ പാരസ്പര്യത്തിന്റെ ഈ ഊഷ്മളത പിറ

*ശേഷം പേജ് 14 ൽ*

# വനപാതകൾ ഓർമ്മിപ്പിക്കുന്നത്..

ചന്ദ്രബാബു തൃക്കലങ്ങോട്

**നാട് മനുഷ്യന്റേതാണെന്ന പോലെ കാട് വന്യമൃഗങ്ങളുടേതുമായിക്കൂടേ..?വനത്തിലൂടെയുള്ള മനുഷ്യസഞ്ചാരത്തിന് നിയന്ത്രണം വേണ്ടേ....?**

മൺസൂൺ നിറഞ്ഞുപെയ്ത ഒരു പകലാണ്. നാടുകാണി ചുരംവഴി മുകളിലേക്ക് കയറിയത്. ലക്ഷ്യങ്ങളെന്നു പറയാൻ കാര്യമായി ഒന്നുമില്ലാത്ത ഒരു അലസയാത്ര. മഴ ലഭിച്ചതോടെ ഇലച്ചു വളർന്ന മരങ്ങളും വള്ളിപ്പടർപ്പുകളും ചുരത്തിന്റെ ഇരുകരകളിലും ഇരുണ്ട പച്ചപ്പായി തഴച്ചവളർന്നിരുന്നു. മഴക്കോള് തമിഴ് മണ്ണ് തീരുന്നതുവരെ കൂടെയുണ്ട്. ബന്ദിപ്പൂർ വനമേഖലയിലേക്ക് കടന്നതോടുകൂടി കാട് കനത്തു തുടങ്ങി; ഒപ്പം വന്യമൃഗങ്ങളുടെ കാഴ്ചയും. റോഡരുകുകളിൽ പുല്ലും പച്ചപ്പും തഴച്ചുവളർന്നതുകൊണ്ടും വാഹനയാത്രികർക്ക് കർശന നിയന്ത്രണങ്ങളുള്ളതുകൊണ്ടുമാവാം കാഴ്ചയിൽ ഏറെ കാട്ടുമൃഗങ്ങൾ വന്നുപൊയ്ക്കൊണ്ടിരുന്നു. ചെളിയിൽ പുതഞ്ഞ ശരീരവുമായി കാടിന്റെ ശീതളഛായയിൽ വൻമരങ്ങളോടോ ഇല്ലിക്കാടുകളോടോ ചേർന്ന് ഒറ്റയ്ക്കും കൂട്ടമായും കുറേയേറെ ആനകളെ കണ്ടുമുട്ടാനായി. കാറിനു മുന്നിലൂടെ ഇടയ്ക്കിടെ റോഡ് മുറിച്ചു കടന്നുപൊയ്ക്കൊണ്ടിരുന്ന മയിലുകളെത്രയും ആൺവർഗ്ഗമായിരുന്നു. പെൺമയിലുകളെല്ലാം വീട്ടുകാവലിലാണോ എന്നായിരുന്നു സംശയം. എന്നാൽ മടക്കയാത്രയിൽ ഇരുട്ടുപരന്നതോടെ കണ്ടതിൽ ഏറെയും പെൺമയിലുകളായിരുന്നുതാനും.

കാഴ്ചയിൽ ഏറെ അത്ഭുതവും ആഹ്ളാദവും നിറച്ചത് മാനുകളായിരുന്നു. റോഡിന് ഇരുവശത്തും പ്രത്യക്ഷപ്പെടുന്ന വിശാലമായ പുൽമൈതാനങ്ങളിൽ നൂറുകണക്കിന് മാനുകളായിരുന്നു മേഞ്ഞിരുന്നത്. ഈ വഴി പലവട്ടം വന്നിട്ടുണ്ടെങ്കിലും ഇത്രയധികം മാനുകൾ ഒരുമിച്ചു മേയുന്ന കാഴ്ച ഇതാദ്യമായിരുന്നു. ഇടയ്ക്കു പ്രത്യക്ഷപ്പെട്ട കാട്ടുപോത്ത് ഒരു സംഭവം തന്നെയായിരുന്നു. റോഡരുകിലെ പൊന്തക്കാടുകളിൽ ഭീമാകാരവും മാംസളവുമായ ശരീരം കൊണ്ട് തന്റെ ഗാംഭീര്യം മുഴുവൻ പറഞ്ഞറിയിച്ചായിരുന്നു ആ നിൽപ്പ്. വണ്ടി നിറുത്തി ഫോട്ടോയെടുക്കുമ്പോഴെല്ലാം യാതൊരു കൂസലുമില്ലാതെ അവൻ പോസുചെയ്തു. കുരങ്ങുകളും, കീരികളും, പക്ഷികളും മറ്റു വിവിധ ജാതി ഉരഗങ്ങളും എല്ലാം സമൃദ്ധമായ കാഴ്ചസദ്യ തന്നെയൊരുക്കിക്കൊണ്ടിരുന്നു.

കുറഞ്ഞ ദൂരത്തിനുള്ളിൽ കണ്ടുവന്ന ഈ ജീവിവൈവിധ്യം ഭൂമി മനുഷ്യന്റേതു മാത്രമല്ലെന്ന് ഏതൊരാളെയും നേരിട്ടു ബോധ്യപ്പെടുത്തുന്നതാണ്. സ്വൈര്യമായി കഴിയാൻ അനുവദിക്കപ്പെടുന്ന ഏതു മണ്ണിലും മനുഷ്യനെ പോലെ തന്നെ പെറ്റുപെരുകി ജീവിക്കാൻ ഓരോ ജീവജാതികൾക്കുമാവും. പക്ഷേ എല്ലാം അടക്കി വാഴുന്ന മനുഷ്യൻ തന്റെ ആർത്തി പുരണ്ടതും ഇടുങ്ങിയതുമായ മനസ്സിന്റെ ഉദാരമല്ലാത്ത സ്വഭാവം കൊണ്ടാണ്, കർണ്ണാടക സർക്കാറിന്റെ ബന്ദിപ്പൂർ വനമേഖലയിലൂടെയുള്ള രാത്രിയാത്ര നിരോധനത്തെ കടുത്ത വാക്കുകൾ കൊണ്ട് വിമർശിക്കുകയും എതിർക്കുകയും ചെയ്യുന്നത്.

ബന്ദിപ്പൂർ വനമേഖലക്കപ്പുറത്തും ഇപ്പുറത്തുമുള്ള വിശാലമായ ഭൂമി മനുഷ്യന്റേതു മാത്രമാണ്. ഇവിടേക്ക് ഒരു വനജീവിക്കു പോലും പ്രവേശനം ഇല്ല. അഥവാ വഴി തെറ്റിയോ ഇരതേടിയോ വന്നു പോയിട്ടുള്ള എല്ലാ മൃഗങ്ങളെയും മനുഷ്യൻ തന്റെ മണ്ണിലേക്ക് അതിക്രമിച്ചെത്തി ജീവനു ഭീഷണിയായ ഹിംസ്ര ജന്തുക്കളായി ചിത്രീകരിച്ച് കശാപ്പു ചെയ്തിട്ടുണ്ട്. പക്ഷേ ഇന്നുവരെ കാട്ടിലേക്കു കയറിയ എല്ലാ മനുഷ്യരെയും വനമൃഗങ്ങൾ കൊന്നൊടുക്കിയിട്ടില്ല. (ജീവഭയം കൊണ്ട് രക്ഷപ്പെടാൻ കഴിയില്ലെന്നു തോന്നിയ അവസാന ഘട്ടത്തിൽ മൃഗങ്ങൾ ആക്രമിച്ച സംഭവങ്ങൾ വിവരിക്കുന്നില്ല.)

നാട് മനുഷ്യന്റേതാണെന്ന പോലെ കാട് വന്യമൃഗങ്ങളുടേതുമായിക്കൂടേ. എന്നിട്ടും തങ്ങളുടെ മണ്ണിലൂടെ പകലത്രയും യാത്ര ചെയ്യാൻ അനുമതി നൽകിയിട്ടുണ്ട് അവർ. ഗുണ്ടൽപേട്ടയിലെ മണ്ണിൽ കേരളത്തിനു വേണ്ടി മാത്രം വിരിയിച്ചും വിളയിച്ചതുമായ എല്ലാ വിഭവങ്ങളും കടന്നപോരാൻ പകൽ മുഴുവൻ ഈ വനപാത തുറന്നു കൊടുത്തിട്ടുണ്ട്. എന്നിട്ടും മതിവരാതെ രാത്രികൂടി വാഹനങ്ങൾ കടത്തിവിടണമെന്നു പറയുന്നവർക്ക് മറ്റെന്തോ ചില ലക്ഷ്യങ്ങൾ കൂടിയുണ്ടാകും. അത് തീർച്ചയായും രാത്രിയുടെ മറവിലൂടെ മാത്രം നടത്തേണ്ടതുമായിരിക്കും. അതിനുമുന്നിൽ നിസ്സാരരും നിസ്സഹായരുമായ വന്യമൃഗങ്ങളുടെ സ്വൈര്യജീവിതത്തിനു യാതൊരു പ്രസക്തിയുമില്ലല്ലോ. മനുഷ്യരുടെ മേൽ മൃഗാധിപത്യം വന്ന് കാര്യങ്ങൾ നേരെയാകുമെന്ന് പ്രതീക്ഷിക്കാൻ വയ്യാത്തതിനാൽ കർണ്ണാടക സർക്കാരിന്റെ ദൃഢനിശ്ചയത്തിൽ വിള്ളലുകൾ വീഴാതിരിക്കട്ടെ എന്നു മാത്രമല്ലേ ആഗ്രഹിക്കാനാവൂ..

*ചന്ദ്രബാബു തൃക്കലങ്ങോട് 9495093319*

---

**.... കുളിര്**

ക്കുകപോലുമില്ലായിരുന്നു. ഇക്കാലത്ത് നാലാൾ കൂടുന്നിടത്ത് ശത്രുതയല്ലാതെന്താണ് കാണാനാവുക? നമ്മുടെ
യൊക്കെ മനസ്സിൽ നിന്ന് പിണങ്ങിയിറങ്ങിപ്പടികടന്ന മഞ്ഞും കുളിരും ഇപ്പോൾ എവിടെയാണ് പാർപ്പ്?

കാടുകളഞ്ഞും കുന്നിടിച്ചും മണ്ണുമാന്തിയും നാം പ്രകൃതി മാതാവിനെ പീഡിപ്പിക്കുന്നു. അവളുടെ കുളിർക്കുഞ്ഞ് നമ്മെ വെറുക്കുന്നു. എന്നിട്ടും നമ്മൾ അതിനെ പിടികൂടി ഫ്രിഡ്ജിലും ഫ്രീസറിലും തടവിലിട്ടു. കോൺക്രീറ്റ് കോട്ടകൾക്കുള്ളിൽ തളച്ചിടപ്പെട്ട പ്രകൃത്യാംബയുടെ തപ്തനിശ്വാസങ്ങൾ തീക്കാറ്റായി നമ്മെ പൊള്ളിച്ചു തുടങ്ങിയിരിക്കുന്നു. കുളിർക്കുരുന്നുകളുടെ അകൽച്ചയും പ്രതിഷേധവും ഇതിഹാസപ്രവചനങ്ങളിലെ അഗ്നിപ്രളയത്തെയാണോ സൂചിപ്പിക്കുന്നത്?

*അപ്പു മുട്ടറ* **9809679682**



മൃഗശ്രുതി

# സൂര്യനമസ്ക്കാരത്തിലെ കാണാപ്പുറങ്ങൾ

ഡേവീസ് വളർക്കാവ്

സൂര്യനമസ്ക്കാരവും കാമ്പില്ലാത്ത ചർച്ചകൾക്ക് ഇരയായി. സൂര്യനെ വന്ദിച്ചാലും ഇല്ലെങ്കിലും സൂര്യന് ഒന്നുമില്ല എന്ന കാര്യം ഏവരും മറന്നു. താൽപര്യമുള്ളവർക്ക് വന്ദിക്കാം അത്രമാത്രം. ആകാശഗംഗയിൽ ഒട്ടേറെ സൂര്യൻമാരുണ്ടെങ്കിലും നാം അടുത്തു പരിചയപ്പെട്ട സൗരയൂഥത്തിലെ നവഗ്രഹങ്ങളെ നിയന്ത്രിക്കുന്ന സൂര്യനെയാണ് പലരും നമിക്കുന്നത്. ഇത് ശരീരചലനത്തിലൂടെയാകാം, ഗായത്രീമന്ത്രത്തിലൂടെയാകാം, കിഴക്കോട്ട് തിരിഞ്ഞുനിന്ന് സൂര്യനെ നോക്കിയിട്ടാകാം, സൂര്യയോഗയിലൂടെയാകാം. ഇത് ചെയ്യണമെന്ന് ഒരു സൂര്യനിയമവും ഇല്ല.

ഭൂമിയിൽ ജീവന്റെ നിലനിൽപ്പിന് സൂര്യനാണ് പ്രധാന ഹേതു. അതറിയുന്നവർ അത്യാദരപൂർവ്വം ചെയ്യുന്നതാണ് വിവിധ സൂര്യനമസ്ക്കാരങ്ങൾ. സൂര്യനില്ലെങ്കിൽ വെളിച്ചമില്ല അന്ധകാരമാണ് ഭൂമിയിൽ ജീവകുലത്തിന് പിന്നെ നിലനിൽക്കാനാവില്ല, മനുഷ്യർക്കും. അതിനാൽ അൽപ്പം ആദരവൊക്കെയാകാം. മനുഷ്യാഹന്ത അതിരുവിടാതിരിക്കാൻ ഇത് നന്ന്, പ്രകൃതിയെ മാനിക്കലുമാകും.

സൂര്യനമസ്ക്കാര മുദ്രകൾ കാണാൻ വളരെ കൗതുകകരമാണ്. ഹൃദയപത്മത്തെ തൊട്ടുവന്ദിച്ച്, ആകാശത്തെ സ്തുതിച്ച്, ഭൂമിയെ വണങ്ങി, പരിണാമ ജീവിതത്തെ ഓർമ്മിപ്പിക്കും വിധം വാനരനിൽ നിന്നു തുടങ്ങി നായകുലത്തെ അനുകരിച്ച് പുഴുവിനെ പോലെ ഭൂമിയിലമർന്ന്, പാമ്പിനെപ്പോലെ ഉണർന്ന്, വരാഹരൂപമെടുത്ത് വീണ്ടും ഭൂമിയെയും ആകാശത്തെയും വന്ദിച്ച് മനുഷ്യജന്മത്തിന്റെ മഹനീയ പാതയിൽ അഭിമാനിച്ച് വിനീതരായാണ് സൂര്യനമസ്കാരം തീരുന്നത്. സാധകന് വീര്യം പകരാൻ വേഗത്തിൽ മുദ്രകൾ ചെയ്യുന്നത് ചില സ്കൂളിംഗിനുവേണ്ടിയാണ്. ഇവിടെ കായബലം കൂട്ടലാണ് ലക്ഷ്യം. ശാന്തിയല്ല.

പോസുകളിൽ പല മൃഗങ്ങളെയും ജീവജാതികളെയും നാം അനുകരിക്കുന്നുണ്ട്, വന്ദിക്കുന്നുണ്ട്. ഭൂമിക്കും ആകാശത്തിനും ജീവകുലത്തിനും ആദരവ് എന്നതിലെ മൃഗപക്ഷം ചർച്ചകളിൽ-വിവാദങ്ങളിൽ കടന്നുവരുന്നില്ല. അതോ ബോധപൂർവ്വം മറയ്ക്കുന്നതോ? സൂര്യനമസ്ക്കാരത്തിൽ സൂര്യനെ മാത്രമല്ല നമസ്കരിക്കുന്നതെന്ന് മറക്കാതിരിക്കാം. പരിസ്ഥിതി-പ്രകൃതി സംരക്ഷണം പ്രധാനമായൊരു കാലത്ത് ഇത്തരം നിരീക്ഷണങ്ങളാണ് ചർച്ച ചെയ്യപ്പെടേണ്ടത്. മർത്യമനസ്സുകളിൽ തമോഗർത്തങ്ങൾ ഉണ്ടാകാതിരിക്കാൻ സൂര്യനമസ്കാരത്തിന്റെ പാരിസ്ഥിതിക കാഴ്ചപ്പാട് സഹായിക്കും.


സൂര്യനമസ്ക്കാരം വ്യായാമം മാത്രമായി കാണുന്നവരും, നമസ്ക്കാരമായി കരുതുന്നവരും, മതപരമായി കാണുന്നവരും മൃഗപക്ഷം കാണേണ്ടതുണ്ട്. സൂര്യനമസ്ക്കാരം നൽകുന്ന ഈ നിരീക്ഷണം ചർച്ച ചെയ്യാൻ ശ്രമിക്കുന്നത് നന്നായിരിക്കും. ജീവഹത്യ അത്രയ്ക്കും കുറയും. *ഡേവീസ് വളർക്കാവ്* 9895148998

## ലിറ്റിൽ മാസികയും പങ്കുവെക്കാം



കാണുന്നതും കേൾക്കുന്നതും ആലോചിക്കുന്നതുമെല്ലാം നമ്മൾ പരസ്പരം പങ്കുവെക്കുന്നുണ്ട്. വാട്സ്ആപ്പിലും ഫേസ്ബുക്കിലും ചിത്രമായും വീഡിയോ ആയും ഷെയർ ചെയ്യുന്നുണ്ട്. ഇനി മുതൽ ലിറ്റിൽ മാസികയും പങ്കിട്ടു നോക്കൂ. വായനയിൽ പ്രസക്തമെന്നു തോന്നുന്ന കുറിപ്പുകൾ, പേജുകൾ, ഒക്കെ ലോകത്തോടു സംവദിക്കട്ടെ. പുതിയ വായനക്കാരിലേക്ക് നമ്മുടെ ചെറുസൗഹൃദവും വളരട്ടെ. ഒരു ലക്കം വായിച്ചു കഴിഞ്ഞാൽ മറ്റുള്ളവർക്ക് വായിക്കാൻ കൊടുക്കുക. *-ലിമാ ടീം*

## വിദ്യാർത്ഥികൾക്കും യുവജന പ്രവർത്തകർക്കും പ്രകൃതിസഹവാസ ക്യാമ്പ്



പരിസ്ഥിതി വിദ്യാഭ്യാസ പരിപാടികളുടെ ഭാഗമായി നിലമ്പൂർ പ്രകൃതിപഠന കേന്ദ്രം വിദ്യാർത്ഥികൾ, യുവജന പ്രവർത്തകർ എന്നിവർക്കായി നിലമ്പൂരിൽ വെച്ച് ദ്വിദിന പ്രകൃതി സഹവാസ ക്യാമ്പുകളും വനപഠനയാത്രകളും സംഘടിപ്പിക്കുന്നു.
പങ്കെടുക്കാൻ താൽപര്യമുള്ളവർ **ഡയറക്ടർ, പ്രകൃതിപഠന കേന്ദ്രം, നിലമ്പൂർ, 679329** എന്ന വിലാസത്തിൽ രജിസ്റ്റർ ചെയ്യണം. **ഫോൺ: 9946892575**

## ലിറ്റിൽ മാസിക വരിസംഖ്യ

*ഒരു വർഷത്തേക്ക് 150 രൂപ*

*ബാങ്ക് അക്കൗണ്ടിലേക്കും പണമയക്കാം*

A/c *0857101067932* ***(ബിജുജാൺ )***
IFSC Code :CNRB0000857
***(കാനറ ബാങ്ക്***
***എടക്കര ശാഖ)***

കാമ്പയിൻ



ചന്ദ്രബാബു തൃക്കലങ്ങോട്

മുമ്പ് മിക്ക വീടുകളിലും നാടൻ നായ്ക്കളുണ്ടായിരുന്നു. അവയെ അങ്ങനെ കൂട്ടിലാക്കി കെട്ടിയിരുന്നില്ല.അടുത്ത വീടുകളിലും അവ പോയിരുന്നു. അവരുടെയും കൂടിയായിരുന്നുഅത്.വീട്ടുകാരൻ ഊണുകഴിഞ്ഞാൽ ഒരുരുള നായക്കുള്ളതായിരുന്നു.നായകളിലെ വിവിധയിനം വിദേശയിനങ്ങൾ 1999 കൾ മുതൽ നാട്ടിൽ പ്രചരിച്ചതോടെ നാടൻ നായ്ക്കളെ ആർക്കും വേണ്ടാതായി. അവർ നമ്മുടെ അന്തസിനു ചേരാതായി.വീട്ടുകാരിൽ നിന്ന് അവർക്ക് സ്നേഹവും ഭക്ഷണവും കിട്ടാതായി.നായ്ക്കൾക്ക് നായ്ക്കൾ മാത്രമായി കൂട്ട്. അവർ മനുഷ്യസാമിപ്യം കുറഞ്ഞയിടങ്ങളിൽ കൂട്ടം കൂടി തമ്പടിച്ചു.നാട്ടുകാൻ കൈവിട്ടതോടെ സ്വന്തം നിലയ്ക്ക് ഭക്ഷണം തേടേണ്ട നിലയിലെത്തി നാടൻ നായ്ക്കൾ.അപ്പോഴാണ് കോഴി വേസ്റ്റ് എന്ന പുതിയ ഒരിനം അവർക്കനുഗ്രഹമായത്.നായ്ക്കളും നമ്മളും പരസ്പരം വേർതിരിക്കപ്പെട്ട രണ്ടുലോകങ്ങളിലായി.മനുഷ്യർക്കൊപ്പം നാടൻ നായ്ക്കൾ വീടുകളിൽ പണ്ടുണ്ടായിരുന്നു എന്നത് കേട്ടുകേൾവിപോലുമാകാതായി. ഇപ്പോൾ അവരും നമ്മളും രണ്ടുലോകങ്ങളിലാണ്.പഴയ ചങ്ങാത്തം മറന്ന് ശത്രുക്കളായിരിക്കുന്നു.കാട്ടിൽ നിന്നിറക്കി നാട്ടിൽ കൊണ്ടുവന്നിട്ട് അവരെ നമ്മൾ കാട്ടിലും നാട്ടിലും അല്ലാത്ത നിലയിലാക്കിയിരിക്കുന്നു.

ഒരേ ഭൂമി ഒരേ ജീവൻ സെപ്തംബർ 2015

Prepare to do small things...
subscribe to Little Masika




Edited,Printed, Published and Owned by Biju John (Responsible for selection of news under the PRB Act ) and Printed at A- One offset, Ramanattukara for Co-Operative Press Chungatharab679334